ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്

നിബന്ധനകളും വ്യവസ്ഥകളും

2025.11.04 മുതൽ

ഇഷ്യൂ ചെയ്തത്

FEDERAL BANK

ഫെഡറൽ ബാങ്ക് ലിമിറ്റഡ് (**ബാങ്ക്**) അതിന്റെ സഹ ബ്രാൻഡിംഗ് പങ്കാളിയായ വൺ കൺസ്യൂമർ സർവീസസ് പ്രൈവറ്റ് ലിമിറ്റഡുമായുള്ള സഹ-ബ്രാൻഡഡ് പങ്കാളിത്ത പ്രകാരം നൽകുന്ന ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് ഈ നിബന്ധനകളും വ്യവസ്ഥകളും (**നിബന്ധനകൾ**) ബാധകമാണ് (**ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്**) .

വൺകാർഡ് ആപ്ലിക്കേഷനിൽ നിന്ന് നിങ്ങളുടെ കാർഡ് ആക്ടിവേറ്റ് ചെയ്യുന്നത്, അല്ലെങ്കിൽ 'സമർപ്പിക്കുക' അല്ലെങ്കിൽ 'ഞാൻ യോജിക്കുന്നു' അല്ലെങ്കിൽ സമാനമായ ഏതെങ്കിലും ടാബ്/ഐക്കൺ ക്ലിക്ക് ചെയ്യുന്നത്, കാർഡ് ഉടമ/കാർഡ് അംഗം ("**നിങ്ങൾ**") താഴെപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുന്നുവെന്ന് അർത്ഥമാക്കും.
നിലവിൽ പ്രാബല്യത്തിലുള്ള ഈ നിബന്ധനകൾ കാലാകാലങ്ങളിൽ മാറ്റത്തിനു വിധേയമാണ്. ഏറ്റവും പുതിയ പതിപ്പ് ബാങ്കിന്റെ വെബ്സൈറ്റിലും വൺകാർഡ് ആപ്പിലും വൺകാർഡ് വെബ്സൈറ്റിലും എപ്പോഴും ലഭ്യമായിരിക്കും.

1. **നിർവചനങ്ങളും വ്യാഖ്യാനങ്ങളും**

1.1 **"അപേക്ഷകൻ"** എന്നാൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് അപേക്ഷിച്ച വ്യക്തി(കൾ) എന്നാണ് അർത്ഥം;
1.2. **"ആപ്ലിക്കേഷൻ/ആപ്പ്"** വൺകാർഡ് ആപ്പിനെ അർത്ഥമാക്കുന്നു, അതിലൂടെ കാർഡ് അംഗത്തിന് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ എല്ലാ വശങ്ങളും നിയന്ത്രിക്കാനാകും;
1.3. **“ആപ്പ് പിൻ”** വൺകാർഡ് മൊബൈൽ ആപ്ലിക്കേഷനെ പാസ്‌വേഡ് ഉപയോഗിച്ച് സംരക്ഷിക്കാനും സുരക്ഷിതമാക്കാനുമായി കാർഡ് അംഗം വൺകാർഡ് മൊബൈൽ ആപ്ലിക്കേഷനിൽ നിന്ന് സൃഷ്ടിച്ച വ്യക്തിഗത തിരിച്ചറിയൽ നമ്പറിനെ അർത്ഥമാക്കുന്നു;
1.4. **"അംഗീകൃത ഡീലർ"** എന്നാൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന 1999 ലെ വിദേശ വിനിമയ മാനേജ്മെന്റ് നിയമത്തിൽ നിർവചിച്ചിരിക്കുന്ന ഒരു അംഗീകൃത ഡീലർ എന്നാണ് അർത്ഥം;
1.5. **"ബാങ്ക്"** എന്നത് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇഷ്യൂ ചെയ്യുന്ന ഫെഡറൽ ബാങ്ക് ലിമിറ്റഡിനെ അർത്ഥമാക്കുന്നു;
1.6. **"ബിസിനസ് ദിനം"** ബാങ്കിന്റെ ബന്ധപ്പെട്ട ഓഫീസ് സാധാരണ ബിസിനസ് ഇടപാടുകൾക്കായി തുറന്നിരിക്കുന്ന ഒരു ദിവസത്തെ അർത്ഥമാക്കുന്നു;
1.7. **"കാർഡ് അംഗം/കാർഡ് ഉടമ"** എന്നത് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ലഭിച്ച ഒരു വ്യക്തിയെ അർത്ഥമാക്കുന്നു;
1.8. **"ക്യാഷ് പരിധി"** എന്നത് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഒരു കാർഡ് അംഗത്തിന് ഒരു ഓട്ടോമേറ്റഡ് ടെല്ലർ മെഷീനിൽ (എടിഎമ്മിൽ) നിന്ന് പിൻവലിക്കാൻ കഴിയുന്ന പരമാവധി തുകയെ അർത്ഥമാക്കുന്നു. ഈ ക്യാഷ് പരിധി കാർഡ് അംഗത്തിന്റെ അംഗീകൃത ക്രെഡിറ്റ് പരിധിയുടെ ഒരു ഭാഗമാണ്;
1.9. **"ചാർജുകൾ"** ഇതിലെ വകുപ്പ് 8-ൽ പറഞ്ഞിരിക്കുന്നതോ ഈ നിബന്ധനകളിൽ എവിടെയെങ്കിലും പരാമർശിച്ചിരിക്കുന്നതോ ആയ ചാർജുകളെ അർത്ഥമാക്കുന്നു. കാർഡ് അംഗത്തെ പ്രത്യേകമായി അറിയിക്കാത്ത പക്ഷം, ഇവിടെ പരാമർശിച്ചിരിക്കുന്ന ചാർജുകളുടെ എല്ലാ വിശദാംശങ്ങളും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന എംഐടിസിയിൽ നൽകിയിരിക്കുന്നതു പോലെ ആയിരിക്കും;
1.10. **“ക്രെഡിറ്റ് പരിധി/ വാങ്ങൽ പരിധി”** ഒരു ഓൺലൈൻ/ഓഫ്‌ലൈൻ വ്യാപാര സ്ഥാപനത്തിൽ ഒരു വാങ്ങാൽ ഇടപാടിനായി ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ ഒരു കാർഡ് അംഗത്തെ അധികാരപ്പെടുത്തിയിരിക്കുന്ന പരിധിയെ അർത്ഥമാക്കുന്നു;

1.11. **"കസ്റ്റമർ കെയർ"** എന്നത് ബാങ്കിന്റെ അംഗീകൃത ഔട്ട്സോഴ്സ് സേവന ദാതാവ് നൽകുന്ന ഉപഭോക്തൃ സേവനത്തെയും പിന്തുണാ സംവിധാനങ്ങളെയും സൂചിപ്പിക്കുന്നു

1.12. **"ഫിംഗർപ്രിന്റ് ലോക്ക്"** കാർഡ് അംഗത്തിന്റെ ഫിംഗർപ്രിന്റ് ഒരു ലോക്കിംഗ് മാർഗ്ഗമായി ഉപയോഗിച്ച് വൺകാർഡ് മൊബൈൽ ആപ്ലിക്കേഷൻ സുരക്ഷിതമാക്കുന്നതിനെ സൂചിപ്പിക്കുന്നു;

1.13. **"മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്"** ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സ്വീകരിക്കുന്ന ഒരു സ്ഥാപനത്തെ അർത്ഥമാക്കുന്നു. സ്റ്റോറുകൾ, കടകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, എയർലൈനുകൾ, എടിഎമ്മുകൾ ഉൾപ്പെടെയുള്ള ക്യാഷ് അഡ്വാൻസ് പോയിന്റുകൾ, മെയിൽ ഓർഡർ പരസ്യദാതാക്കൾ (ചില്ലറ വ്യാപാരികളോ വിതരണക്കാരോ നിർമ്മാതാക്കളോ ആയിരുന്നാലും) എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഓൺലൈൻ ഇടപാടുകൾക്കായി ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സ്വീകരിക്കുന്ന സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുന്നു;

1.14. **"വ്യാപാരി"** എന്നത് വ്യാപാര സ്ഥാപനത്തിന്റെ ഉടമസ്ഥനായ അല്ലെങ്കിൽ അത് മാനേജ് ചെയ്യുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയെയും, അതിന്റെ പിൻഗാമികളെയും, അനുവദനീയമായ ചുമതലക്കാരെയും അർത്ഥമാക്കുന്നു;

1.15. **"അടയ്ക്കേണ്ട മിനിമം തുക"** അല്ലെങ്കിൽ "എംഎഡി" ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരിക്കുന്ന തുകയാണ്, കാർഡ് അക്കൗണ്ട് നല്ല നിലയിൽ നിലനിർത്താൻ പണമടയ്ക്കേണ്ട അവസാന തീയതിക്ക് മുമ്പ് ഒരു കാർഡ് അംഗം നൽകേണ്ട ഏറ്റവും കുറഞ്ഞ പേയ്മെന്റാണിത്;

1.16. **"എംഐടിസി"** ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾക്ക് ബാധകമായ ചാർജുകളുടെ ഷെഡ്യൂൾ സഹിതമുള്ള ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും അടങ്ങിയ ഡോക്യുമെന്റാണ്. ഈ നിരക്കുകൾ കമ്പനിയുടെ സ്വന്തം വിവേചന പ്രകാരം മാറ്റത്തിന് വിധേയമാണ്. എന്നാൽ കാർഡ് അംഗത്തിന് കുറഞ്ഞത് 30 ദിവസത്തെ മുൻകൂർ അറിയിപ്പ് നൽകിയ ശേഷം ഭാവി പ്രാബല്യത്തോടെ മാത്രമേ ചാർജുകളിൽ അത്തരം മാറ്റങ്ങൾ വരുത്താൻ കഴിയൂ;

1.17. **"ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്"** എന്നത് ഫെഡറൽ ബാങ്ക് ലിമിറ്റഡ്, വൺ കൺസ്യൂമർ സർവീസസ് പ്രൈവറ്റ് ലിമിറ്റഡുമായുള്ള (വൺ കൺസ്യൂമർ) സഹ-ബ്രാൻഡഡ് പങ്കാളിത്തത്തിൽ നൽകുന്ന സഹ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനെ അർത്ഥമാക്കുന്നു.

1.18. **"ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട്"** എന്നത് ഇവിടെ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാനായി കാർഡ് അംഗത്തിന്റെ പേരിൽ തുറന്ന അക്കൗണ്ടിനെ അർത്ഥമാക്കുന്നു;

1.19. **"വൺകാർഡ് പിൻ"** എന്നത് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ ദുരുപയോഗ സാധ്യതയ്ക്കെതിരായ സുരക്ഷാ നടപടിയായി വർത്തിക്കാൻ വൺകാർഡ് മൊബൈൽ ആപ്ലിക്കേഷനിൽ നിന്ന് കാർഡ് അംഗം സൃഷ്ടിക്കുന്ന വ്യക്തിഗത തിരിച്ചറിയൽ നമ്പറിനെ അർത്ഥമാക്കുന്നു;

1.20. **"പണമടയ്ക്കേണ്ട അവസാന തീയതി"** എന്നത് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ ഉപയോഗത്തിന് ഈടാക്കുന്ന ചാർജുകൾക്കുള്ള പേയ്മെന്റ് എല്ലാ മാസവും അടയ്ക്കേണ്ട അവസാന തീയതിയെ അർത്ഥമാക്കുന്നു;

1.21. **'വ്യക്തി'** എന്നത് ഏതെങ്കിലും വ്യക്തി, സ്ഥാപനം, കോർപ്പറേഷൻ, വ്യക്തികളുടെ അസോസിയേഷൻ, പരിമിത ബാധ്യതാ കമ്പനി, സന്നദ്ധ സംഘടന, പങ്കാളിത്തം, സംയുക്ത സംരംഭം, ട്രസ്റ്റ്, പരിമിത സംഘടന, സൊസൈറ്റി, അൺഇൻകോർപ്പറേറ്റഡ് സംഘടന, ഗവൺമെന്റ് അതോറിറ്റി അല്ലെങ്കിൽ നിയമപരമായ അംഗീകാരമുള്ള മറ്റ് നിയമപരമായ സ്ഥാപനം അല്ലെങ്കിൽ സംഘടന എന്നിവയെ അർത്ഥമാക്കും;

1.22. **"പ്രാഥമിക കാർഡ് അംഗം"** കാർഡ് അക്കൗണ്ട് ആരുടെ പേരിലാണോ തുറന്നിരിക്കുന്നത് ആ വ്യക്തിയാണ്, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇഷ്യൂ ചെയ്ത് ലഭിച്ച വ്യക്തിയാണ്; ("നിങ്ങൾ")

1.23. **“ആർബിഐ”** എന്നതിനർത്ഥം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നാണ്.
1.24. **"സ്റ്റേറ്റ്മെന്റ്"** എന്നത് കാർഡ് അംഗത്തിന് അയയ്ക്കുന്ന പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റാണ്, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ ഉണ്ടായ ചാർജുകളുടെ പട്ടികയും അടയ്ക്കേണ്ട തുകയും തീയതിയും അതിൽ അടങ്ങിയിരിക്കുന്നു;
1.25. **"സപ്ലിമെന്ററി/ആഡ്-ഓൺ കാർഡ് ഉടമ"** എന്നാൽ പ്രൈമറി കാർഡ്മെമ്പറുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കാർഡ്മെമ്പറായി മാറുന്ന കുടുംബാംഗം(ങ്ങൾ) എന്നാണ് അർത്ഥം.
1.26. **“അടയ്ക്കേണ്ട മൊത്തം തുക”** അല്ലെങ്കിൽ “ടിഎഡി” എന്നത് സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരിക്കുന്ന മൊത്തം കുടിശ്ശിക തുകയെ അർത്ഥമാക്കുന്നു;
1.27. **"ഇടപാട് നിർദ്ദേശം"** എന്നത് ഇടപാട് നടപ്പിലാക്കാനായി കാർഡ് അംഗം ആപ്പ് വഴി കൂടാതെ/അല്ലെങ്കിൽ കസ്റ്റമർ കെയർ വഴി നൽകുന്ന ഏതൊരു നിർദ്ദേശത്തെയും അർത്ഥമാക്കുന്നു;
1.28. **"വെർച്വൽ ക്രെഡിറ്റ് കാർഡ്"** എന്നത് ഓൺലൈൻ അല്ലെങ്കിൽ ആപ്പ് അധിഷ്ഠിത ഇടപാടുകൾക്ക് ഉപയോഗിക്കാവുന്ന ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ വെർച്വൽ പതിപ്പിനെ അർത്ഥമാക്കുന്നു;
1.29. **"വെബ്സൈറ്റ്"** എന്നത് വൺകാർഡ് വെബ്സൈറ്റിനെ അർത്ഥമാക്കുന്നു, അത് https://www.getonecard.app എന്ന യുആർഎല്ലിൽ ലഭ്യമാണ്.

2. **കാർഡ് സേവനങ്ങൾ** 💳
ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ബാങ്കിന്റെ സ്വത്താണ്. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ നടത്തുന്ന ഏതൊരു ഇടപാടുകളും ഉൾപ്പെടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട ഏതു വിവരവും അതിന്റെ അംഗീകൃത സേവന ദാതാക്കൾ ഉൾപ്പെടെയുള്ള ഏതൊരു വ്യക്തിയുമായും പങ്കിടാൻ ബാങ്കിന് അവകാശമുണ്ടെന്ന് നിങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

ബാങ്കിന് ഇനിപ്പറയുന്നവയ്ക്കുള്ള അവകാശമുണ്ട്:

2.1. ഒരു ക്രെഡിറ്റ് ബ്യൂറോ റിപ്പോർട്ടും അനിവാര്യമെന്ന് ബാങ്കിന് തോന്നുന്ന മറ്റ് റിപ്പോർട്ടുകളും സമ്പാദിച്ചുകൊണ്ട് നിങ്ങളുടെ ക്രെഡിറ്റ് യോഗ്യത ഉറപ്പാക്കുക; കൂടാതെ

2.2. തങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിങ്ങൾക്ക് നൽകാൻ വിസമ്മതിക്കുന്നു. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് കൈമാറ്റം ചെയ്യാവുന്നതല്ല, കൂടാതെ അതിന്റെ ഉപയോഗം ഇവിടെ പ്രസ്താവിച്ചിരിക്കുന്ന നിബന്ധനകൾക്കും ബാങ്ക് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന കൂടുതലായ വ്യവസ്ഥകൾക്കും വിധേയമാണ്.

2.3. കാർഡ് റിസർവ് ചെയ്ത സമയം മുതൽ ഇഷ്യൂ ചെയ്ത സമയം വരെയുള്ള ക്രെഡിറ്റ് പരിധി മാറ്റുക

2.4 കെവൈസി (നിങ്ങളുടെ ഉപഭോക്താവിനെ അറിയുക) മാനദണ്ഡങ്ങളും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിനു വിധേയമായി കാർഡിന്റെ ആക്ടിവേഷനുമായി മുന്നോട്ട് പോകുക;

ആപ്പ്, കസ്റ്റമർ കെയർ ഓപ്ഷനുകൾ എല്ലാ കാർഡ് അംഗങ്ങൾക്കും ലഭ്യമാണ്.

ആപ്പ് വഴി കൂടാതെ/അല്ലെങ്കിൽ കസ്റ്റമർ കെയർ വഴി ക്രെഡിറ്റ് പരിധി വർദ്ധിപ്പിക്കൽ, ഇടപാടുകൾ സംബന്ധിച്ച അന്വേഷണം, അടയ്ക്കേണ്ട മൊത്തം തുക, സ്റ്റേറ്റ്മെന്റ് വിശദാംശങ്ങൾ, പണമടയ്ക്കാനുള്ള അവസാന തീയതി മുതലായവ ഉൾപ്പെടെ,

എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്ത, ഏതെങ്കിലും സേവനങ്ങൾ/സൗകര്യങ്ങൾ ലഭിക്കുന്ന കാർഡ് അംഗങ്ങൾ എല്ലായ്പ്പോഴും സേവനങ്ങളുമായി/സൗകര്യങ്ങളുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ള കാലാകാലങ്ങളിൽ ഭേദഗതിക്കു വിധേയമാകുന്ന നിബന്ധനകൾക്കും അത്തരം സൗകര്യങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്ന രീതിക്കും അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

3 . **വൺകാർഡ് മൊബൈൽ ആപ്ലിക്കേഷൻ** 📱
ശക്തമായ വൺകാർഡ് മൊബൈൽ ആപ്ലിക്കേഷനിൽ നിന്ന് നിങ്ങൾക്ക് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പൂർണ്ണമായും നിയന്ത്രിക്കാനാകും, ചില പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്:

- നിങ്ങളുടെ ആപ്പ് പിൻ സജ്ജമാക്കുക
- നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യുക
- ക്രെഡിറ്റ് കാർഡ് ബിൽ പേയ്മെന്റുകൾ നടത്തുക
- നിങ്ങളുടെ വെർച്വൽ ക്രെഡിറ്റ് കാർഡ് മാനേജ് ചെയ്യുക
- നിങ്ങളുടെ ക്രെഡിറ്റ് പരിധികൾ നിയന്ത്രിക്കുക
- ഓൺലൈൻ, ആഭ്യന്തര, അന്തർദേശീയ ഉപയോഗം പ്രവർത്തനക്ഷമമാക്കുക
- നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ സജ്ജീകരിക്കുക (പോയിന്റ് ഓഫ് സെയിലിലും എടിഎമ്മുകളിലും ഉപയോഗിക്കാൻ)
- നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനോടു ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തെ കുറിച്ചുള്ള തർക്കങ്ങളോ സേവന ചോദ്യങ്ങളോ ഉന്നയിക്കുക.

4. **വെർച്വൽ ക്രെഡിറ്റ് കാർഡ്** 💳 📲
4.1. ഫിസിക്കൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് പുറമേ, അതേ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ വെർച്വൽ പതിപ്പും ഓൺ-ബോർഡിംഗ് പ്രക്രിയയുടെ ഭാഗമായി നിങ്ങൾക്ക് ആപ്പിൽ ലഭ്യമാകും.

4.2. ഈ വെർച്വൽ കാർഡ് ഒരു വിസ/റുപേ അധിഷ്ഠിത ക്രെഡിറ്റ് കാർഡ് കൂടിയാണ്, നിങ്ങൾക്കിത് ഓൺലൈൻ അല്ലെങ്കിൽ മൊബൈൽ ആപ്ലിക്കേഷൻ അധിഷ്ഠിത ഇടപാടുകൾക്കോ വാങ്ങലുകൾക്കോ ഉപയോഗിക്കാവുന്നതാണ്. സുരക്ഷാ പാരാമീറ്ററുകൾ വ്യവസായ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സജ്ജീകരിച്ചിരിക്കുന്നു.

5 . **ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം** 🛒
5.1. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അന്താരാഷ്ട്ര തലത്തിൽ സാധുതയുള്ളതും താഴെ കൊടുത്തിരിക്കുന്ന വകുപ്പ് 5.12-ൽ നൽകിയിക്കുന്നതൊഴിച്ച് ലോകമെമ്പാടും സാധുതയുള്ളതുമായ ഒരു ക്രെഡിറ്റ് കാർഡാണ്. വിസ കാർഡുകൾ സ്വീകരിക്കുന്ന ഏതൊരു വ്യാപാര സ്ഥാപനത്തിലും ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സ്വീകാര്യമാണ്. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ദയവായി നിങ്ങളുടെ വ്യക്തിപരമായ അല്ലെങ്കിൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുക.

5.2. റെഗുലേറ്ററി നിയന്ത്രണങ്ങൾ, സാങ്കേതിക ബുദ്ധിമുട്ടുകൾ, അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവ ഉൾപ്പെടെ എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്ത കാരണങ്ങളാൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം നിരസിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

5.3. ഒരു മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിന്, ഏതു സമയത്തും, ഏതു കാരണത്താലും, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ആ മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിൽ ഉപയോഗിക്കുന്നത് നിരസിക്കാൻ അവകാശമുണ്ട്.

5.4. നിങ്ങൾക്ക് ലഭിച്ച സേവനങ്ങൾക്ക് മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് ഈടാക്കുന്ന ഏതു ചാർജുകളും ആ മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുമായി നേരിട്ട് തീർപ്പാക്കേണ്ടതാണ്, കൂടാതെ വൺകൺസ്യൂമർ, ബാങ്ക് അല്ലെങ്കിൽ അവരുടെ ഏതെങ്കിലും അംഗീകൃത സേവന ദാതാക്കൾ അവയ്ക്കോ ലഭിച്ച സേവനത്തിന്റെയോ വാങ്ങിയ ഇനങ്ങളുടെയോ ഗുണനിലവാരത്തിനോ ഒരു തരത്തിലും ബാധ്യതയുള്ളവരല്ല. മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുമ്പോൾ, ഇടപാട്/പേയ്മെന്റ് സ്ലിപ്പിന്റെ ഒരു പകർപ്പ് ശേഖരിക്കാൻ ശുപാർശ ചെയ്യുന്നു.

5.5. എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ സ്റ്റേറ്റ്മെന്റ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഞങ്ങളെ അത് അറിയിക്കാത്ത പക്ഷം, സ്റ്റേറ്റ്മെന്റിലെ എല്ലാ ഉള്ളടക്കങ്ങളും ശരിയാണെന്നും സ്വീകരിച്ചുവെന്നും കണക്കാക്കും. ബില്ലിംഗ് തർക്കങ്ങൾ/പൊരുത്തക്കേടുകൾ ഉണ്ടായാൽ, അത്തരം ഇടപാടുകൾക്കുള്ള ബാധ്യത ഞങ്ങൾ അന്വേഷിച്ച് സ്ഥിരീകരിക്കും. ചില തർക്കങ്ങൾക്ക്, അന്വേഷണ കാലയളവിൽ നിങ്ങൾക്ക് ഒരു താൽക്കാലിക ക്രെഡിറ്റ് വാഗ്ദാനം ചെയ്തേക്കാം, അന്വേഷണത്തിന്റെ അന്തരഫലത്തിന് വിധേയമായി ബാധകമായ ചാർജുകൾ സഹിതം അത് പഴയപടിയാക്കിയേക്കാം. ഫീസുകളും ചാർജുകളും അല്ലെങ്കിൽ പലിശയും സംബന്ധിച്ച ഏതെങ്കിലും തർക്കത്തിൽ ചുമത്തിയ ജിഎസ്ടി പഴയപടിയാക്കില്ല.

5.6. നിങ്ങൾക്ക് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇനിപ്പറയുന്ന പ്രകാരം ഉപയോഗിക്കാം:

5.6.1. നിങ്ങളെ അറിയിച്ച ക്രെഡിറ്റ് പരിധിക്കുള്ളിൽ; കൂടാതെ

5.6.2. കാർഡിൽ പ്രദർശിപ്പിച്ചിരിക്കുന്ന കാലഹരണ തീയതിയുടെ മാസത്തിലെ അവസാന തീയതിക്ക് ശേഷമല്ല.

5.7. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാനുള്ള നിങ്ങളുടെ അവകാശം ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഉടനടി നിർണ്ണയിക്കും:

5.7.1. താഴെ കൊടുത്തിരിക്കുന്ന വകുപ്പ് 7 അനുസരിച്ച് അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ; അല്ലെങ്കിൽ

5.7.2. കാർഡ് നഷ്ടപ്പെട്ടാൽ / ദുരുപയോഗം ചെയ്താൽ അല്ലെങ്കിൽ മോഷണം പോയാൽ.

5.7.3. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പുതുക്കാനും കൂടാതെ/അല്ലെങ്കിൽ റീപ്ലെയ്സ് ചെയ്യാനും കൂടാതെ/അല്ലെങ്കിൽ ക്ലോസ് ചെയ്യാനുമുള്ള ഏതൊരു അഭ്യർത്ഥനയും കാർഡ് ഉടമ കസ്റ്റമർ കെയർ വഴിയോ വൺകാർഡ് ആപ്പ് വഴിയോ നടത്തണം. അത്തരത്തിലുള്ള ഏതൊരു അഭ്യർത്ഥനയും ബാങ്കിന്റെ സ്വന്തം വിവേചനാധികാരത്തിനു വിധേയമായിരിക്കും.

5.8. ഓരോ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിലെയും മൊത്തം ക്രെഡിറ്റ് പരിധിയും മൊത്തം ക്യാഷ് പരിധിയും ഏതു സമയത്തും ബാങ്കിന്റെ സ്വന്തം വിവേചനാധികാര പ്രകാരം നിയമിക്കപ്പെടുന്നു.

5.9. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള എല്ലാ ഇടപാടുകളുടെയും കാര്യത്തിൽ നിങ്ങൾ എപ്പോഴും ഉത്തമ വിശ്വാസത്തോടെ പ്രവർത്തിക്കണം.

5.10. നേപ്പാളിലെയും ഭൂട്ടാനിലെയും മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ ഒഴികെ, ലോകമെമ്പാടും വിദേശ നാണ്യത്തിൽ പണമടയ്ക്കാൻ സാധുതയുള്ളതാണ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്. നേപ്പാളിലോ ഭൂട്ടാനിലോ വിദേശ വിനിമയത്തിനായി കാർഡ് ഉപയോഗിക്കുന്നത് "ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിന്റെ" (ഫെമ) അല്ലെങ്കിൽ മറ്റേതെങ്കിലും അനുബന്ധ നിയമത്തിന്റെ ലംഘനമായിരിക്കും. ഈ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള തെറ്റായ ഉപയോഗത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം നിങ്ങൾ ഏറ്റെടുക്കുകയും അതിലെ വ്യവസ്ഥകളുടെ ലംഘനത്തിന്റെ ഫലമായി ബാങ്കിനും വൺകൺസ്യൂമറിനും കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കൾക്കും ഉണ്ടായേക്കാവുന്നതും കൂടാതെ/അല്ലെങ്കിൽ അനുഭവിക്കേണ്ടിവരുന്നതുമായ ഏതെങ്കിലും നഷ്ടം, നാശനഷ്ടം, പലിശ, കൺവേർഷൻ, മറ്റ് ഏതെങ്കിലും സാമ്പത്തിക ചാർജ് എന്നിവ നികത്തിക്കൊണ്ട് ബാങ്കിന്റെയും വൺകൺസ്യൂമറിന്റെയും ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളുടെയും നഷ്ടോത്തരവാദിത്തം ഏറ്റെടുക്കാമെന്ന് നിങ്ങൾ സമ്മതിക്കുകയും ചെയ്യുന്നു.

5.11. 2020 ജനുവരി 15-ലെ ആർബിഐയുടെ സർക്കുലർ അനുസരിച്ച്, ഇഷ്യൂ ചെയ്യുന്ന സമയത്ത് നിങ്ങളുടെ കാർഡ് ഇന്ത്യയ്ക്കുള്ളിലെ കോൺടാക്റ്റ് അധിഷ്ഠിത പിഒഎസിലോ എടിഎമ്മുകളിലോ മാത്രമേ ഉപയോഗിക്കാൻ പ്രാപ്തമാക്കൂ. ഓൺലൈൻ ഇടപാടുകളും (ആഭ്യന്തരവും അന്തർദേശീയവും) അന്താരാഷ്ട്ര ഇടപാടുകളും കോൺടാക്റ്റ്ലെസ് ഇടപാടുകളും പ്രാപ്തമാക്കാനോ അപ്രാപ്തമാക്കാനോ ഉള്ള സൗകര്യം നിങ്ങൾക്ക് ആപ്പിൽ ലഭിക്കും.

5.12. ലോട്ടറി ടിക്കറ്റുകളോ നിരോധിച്ചതോ വിലക്കപ്പെട്ടതോ ആയ മാസികകൾ വാങ്ങൽ, സ്വീപ്പ്സ്റ്റേക്കുകളിൽ പങ്കെടുക്കൽ, കോൾബാക്ക് സേവനങ്ങൾക്കുള്ള പണമടയ്ക്കൽ, വിദേശ ഫോറെക്സ് ട്രേഡിംഗിലേക്കുള്ള ഏതെങ്കിലും രൂപത്തിലുള്ള പണമടയ്ക്കൽ, വിദേശ എക്സ്ചേഞ്ചുകളിലേക്കുള്ള / വിദേശ കൗണ്ടർപാർട്ടിയിലേക്കുള്ള മാർജിൻ കോളുകൾ, ആഭ്യന്തര/വിദേശ വിപണികളിൽ വിദേശ നാണ്യത്തിൽ വ്യാപാരം ചെയ്യൽ എന്നിവ പോലുള്ള നിരോധിത ഇനങ്ങൾക്കായി ഇന്റർനെറ്റ് വഴിയോ മറ്റു വിധങ്ങളിലോ നിങ്ങളുടെ അന്തർദേശീയമായി സാധുതയുള്ള ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കരുത്.

5.13. ഇംപോർട്ടർ ക്ലയന്റ് ഇന്ത്യ സന്ദർശിക്കുന്നുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ, ഇന്ത്യയിൽ നിന്ന് നടത്തുന്ന കയറ്റുമതികൾക്കായി അംഗീകൃത ഡീലർമാർക്ക് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ ഡെബിറ്റ് ചെയ്ത് പണമടയ്ക്കാവുന്നതാണ്. അതുകൊണ്ട് ഇന്ത്യയിൽ നിന്ന് നടത്തുന്ന കയറ്റുമതികൾക്കുള്ള പേയ്മെന്റ്, ഒരു ഇറക്കുമതിക്കാരന്റെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ ഡെബിറ്റ് ചെയ്തുകൊണ്ട് അംഗീകൃത ഡീലർമാർക്ക് സ്വീകരിക്കാവുന്നതാണ്, ഇതനുസരിച്ച് കാർഡ് നൽകുന്ന ബാങ്കിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ലഭിക്കുന്ന റീഇംബേഴ്സ്മെന്റ് വിദേശ വിനിമയമായി ലഭിക്കും.

5.14. കാർഡ് ഉടമയ്ക്ക് യാതൊരു കാരണവും നൽകാതെ തന്നെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിലെ അംഗീകാര അഭ്യർത്ഥനകൾ നിരസിക്കാനോ മാനിക്കാനോ ഉള്ള പൂർണ്ണമായ വിവേചനാധികാരവും സ്വാതന്ത്ര്യവും ബാങ്കിൽ നിക്ഷിപ്തമാണ്.

5.15. കൂടാതെ, ഏതെങ്കിലും നിയമവിരുദ്ധമായ /നിയമപരമല്ലാത്ത വാങ്ങലുകൾക്കുള്ള /ഉദ്ദേശ്യങ്ങൾക്കുള്ള പണമടവിനായി ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിയമാനുസൃതവും സത്യസന്ധവുമായ വ്യക്തിപരമായ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ, കൂടാതെ കള്ളപ്പണം വെളുപ്പിക്കാനോ സാമൂഹിക വിരുദ്ധമോ ഊഹക്കച്ചവടപരമോ ആയ പ്രവർത്തനങ്ങൾക്കോ വേണ്ടി ഉപയോഗിക്കരുത്, അല്ലെങ്കിൽ ബിസിനസ്സിൽ വാണിജ്യപരമായി ചൂഷണം ചെയ്യരുത് (ഉദാ. പ്രവർത്തന മൂലധന ഉദ്ദേശ്യങ്ങൾക്കായി).

5.16. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിരോധിത, നിയന്ത്രിത, വാണിജ്യ ഉദ്ദേശ്യങ്ങൾക്കോ മുകളിൽ വകുപ്പ് 5.15-ൽ സൂചിപ്പിച്ചിരിക്കുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ, ബന്ധപ്പെട്ട ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡും സപ്ലിമെന്ററി/ആഡ്-ഓൺ കാർഡുകളും നിങ്ങൾക്ക് യാതൊരു അറിയിപ്പും നൽകാതെ തന്നെ ക്ലോസ് ചെയ്തേക്കാം.

5.17. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇടപാടുകൾ, ഉപയോഗ രീതി തുടങ്ങിയവയെ കുറിച്ച് ഫോണിലൂടെയോ മറ്റേതെങ്കിലും ഔപചാരിക ആശയവിനിമയ മാർഗങ്ങളിലൂടെയോ അന്വേഷിക്കാനും വിശദാംശങ്ങളും വിവരങ്ങളും തെളിവും തേടാനും ബാങ്കിനും അതിന്റെ അംഗീകൃത പ്രതിനിധികൾക്കും അവകാശമുണ്ട്, ആവശ്യപ്പെടുമ്പോൾ അത്തരം വിവരങ്ങൾ നൽകാൻ നിങ്ങൾ കരാർ പ്രകാരം ബാധ്യസ്ഥനുമാണ്.

നിങ്ങളിൽ നിന്നുള്ള തൃപ്തികരമല്ലാത്ത പ്രതികരണങ്ങളോ പ്രതികരണമില്ലായ്മയോ നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് ബ്ലോക്ക് ചെയ്യുന്നതിലേക്കോ ക്ലോസ് ചെയ്യുന്നതിലേക്കോ നയിച്ചേക്കാം. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിലെ ഇടപാടുകൾ, കാർഡ് അക്കൗണ്ടിലുള്ള ആ സമയത്തെ ഉപയോഗിക്കാത്ത ആകെ ക്രെഡിറ്റ് പരിധി വരെ മാത്രമേ അനുവദിക്കൂ.

5.18 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനായുള്ള ഓൺലൈൻ അപേക്ഷാ ഫോമിൽ പറഞ്ഞിരിക്കുന്നതു പോലെ, തന്റെ പേര്, വിലാസം, ബന്ധപ്പെടാനുള്ള നമ്പർ, ആശയവിനിമയത്തിനുള്ള ഇമെയിൽ ഐഡി എന്നിവയിൽ എന്തെങ്കിലും മാറ്റം ഉണ്ടായാൽ കാർഡ് ഉടമ ഉടൻ തന്നെ ബാങ്കിനെയോ അതിന്റെ അംഗീകൃത പ്രതിനിധികളെയോ അറിയിക്കേണ്ടതാണ്. കാർഡ് ഉടമയുടെ വിലാസത്തിലെ മാറ്റം ബാങ്കിന്റെയോ അതിന്റെ അംഗീകൃത പ്രതിനിധികളുടെയോ ശ്രദ്ധയിൽപ്പെട്ടാൽ, ബാങ്കിനോ അതിന്റെ അംഗീകൃത പ്രതിനിധികൾക്കോ അവരുടെ രേഖകളിലെ വിലാസം മാറ്റാൻ അവകാശമുണ്ട്. ആശയവിനിമയത്തിനുള്ള ശരിയായ വിലാസം ബാങ്കിനെയോ അതിന്റെ അംഗീകൃത പ്രതിനിധികളെയോ അറിയിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് കാർഡ് ഉടമയുടെ മാത്രം ഉത്തരവാദിത്തമായിരിക്കും, തെറ്റായ വിലാസം മൂലം കാർഡ് ഉടമയ്ക്ക് എന്തെങ്കിലും നഷ്ടമോ ബാധ്യതയോ ഉണ്ടായാൽ ബാങ്ക് അല്ലെങ്കിൽ അതിന്റെ അംഗീകൃത പ്രതിനിധികൾ അതിന്റെ എല്ലാ ബാധ്യതയും നിരാകരിക്കുന്നു.

6. **ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനും ആപ്പ് ഉപയോഗത്തിനുമുള്ള ഐഡന്റിറ്റി വെരിഫിക്കേഷൻ** 🪪

6.1. ആപ്പിലെ നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ട പ്രാമാണീകരണ സംവിധാനം (വിരലടയാളമോ ആപ്പ് പിന്നോ) ഉപയോഗിച്ച് നിങ്ങൾ സ്വയം പ്രാമാണീകരിച്ച ശേഷം സുരക്ഷിതമായ അന്തരീക്ഷത്തിൽ മാത്രമേ നിങ്ങൾക്ക് ഇടപാടുകൾ നടത്താൻ സാധിക്കൂ എന്ന് ഞങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഒരു കാർഡ് ഉടമ എന്ന നിലയിൽ നിങ്ങൾ

ഈ ഇടപാടുകളുടെ സവിശേഷതകളെയും പ്രത്യാഘാതത്തെയും കുറിച്ച് അറിഞ്ഞിരിക്കണം, കാരണം ആപ്പിനുള്ളിലെ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിങ്ങളായിരിക്കും ഉത്തരവാദി.

6.2. അനധികൃത ആക്സസ് തടയാനായി ഒരു ആപ്പ് പിന്നോ ഫിംഗർപ്രിന്റ് ലോക്കോ ഉപയോഗിച്ച് ദയവായി ആപ്പ് സുരക്ഷിതമാക്കുക. കൂടാതെ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സുരക്ഷിതമായി ഉപയോഗിക്കാൻ നിങ്ങളെ പ്രാപ്തരാക്കാൻ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് വേണ്ടി ഒരു വ്യക്തിഗത തിരിച്ചറിയൽ നമ്പർ (ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ) നൽകുന്നതാണ്. നിങ്ങൾക്ക് ആപ്പിൽ നിന്ന് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ സൃഷ്ടിക്കാനാകും, തുടർന്ന് എപ്പോൾ വേണമെങ്കിലും ആപ്പിൽ നിന്ന് നിങ്ങൾക്ക് അത് മാറ്റാനും കഴിയും.
6.3. കാർഡ് അക്കൗണ്ടിലേക്ക് ആപ്പ് പിൻ ആക്സസ് നൽകുന്നു, ആപ്പ് പിന്നിന്റെ ഉപയോഗത്തിനും രഹസ്യസ്വഭാവത്തിനും സംരക്ഷണത്തിനും ഈ ആപ്പ് പിൻ ഉപയോഗിച്ച് കാർഡ് അക്കൗണ്ടിൽ നൽകുന്ന എല്ലാ ഓർഡറുകൾക്കും വിവര മാറ്റങ്ങൾക്കും ഉള്ള പൂർണ്ണ ഉത്തരവാദിത്തം നിങ്ങൾ ഏറ്റെടുക്കുന്നു.

6.4. നിങ്ങളുടെ ആപ്പ് പിൻ നമ്പറോ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ നമ്പറോ ആരെങ്കിലുമായി പങ്കിടുകയോ മൂന്നാം കക്ഷിക്ക് ആക്സസ് ചെയ്യാൻ കഴിയുന്ന രീതിയിൽ സൂക്ഷിക്കുകയോ ചെയ്യരുത്. പിൻ ഉപയോഗിച്ച് പ്രാമാണീകരിച്ച ഇടപാടുകളും നിർദ്ദേശങ്ങളും നടപ്പാക്കാൻ ബാങ്കിനെയും അതിന്റെ അംഗീകൃത പ്രതിനിധികളെയും നിങ്ങൾ അധികാരപ്പെടുത്തുന്നു, അത് റദ്ദാക്കാവുന്നതല്ല.

6.5. ഓൺലൈൻ വാങ്ങലുകൾക്ക് പരിശോധിച്ചുറപ്പാക്കൽ/പ്രമാണീകരണം സുരക്ഷിതം മാത്രമല്ല സൗകര്യപ്രദവുമാണെന്ന് ഞങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഒരു കാർഡ് അംഗം എന്ന നിലയിൽ, നിങ്ങളുടെ ഓൺലൈൻ വാങ്ങലുകൾ ഇനിപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ നിങ്ങൾക്ക് പ്രാമാണീകരിക്കാനാകും:

6.5.1 **"പണമടയ്ക്കാൻ സ്വൈപ്പ് ചെയ്യുക"** - ആഭ്യന്തര വ്യാപാരികളിൽ നിന്ന് നിങ്ങൾ ഇ-കൊമേഴ്സ് വാങ്ങലുകൾ നടത്തുമ്പോഴെല്ലാം ഞങ്ങൾ ആപ്പിൽ ഒരു അറിയിപ്പ് അയയ്ക്കും. ഈ അറിയിപ്പ് ആക്സസ് ചെയ്യാൻ നിങ്ങൾ ആപ്പ് പിന്നോ ബയോമെട്രിക് ക്രെഡൻഷ്യലുകളോ (ബാധകമായിരിക്കുന്ന പ്രകാരം) ഉപയോഗിച്ച് നിങ്ങളെത്തന്നെ പ്രാമാണീകരിക്കേണ്ടതുണ്ട്. വിജയകരമായി പരിശോധിച്ചുറപ്പാക്കിയ ശേഷം, വാങ്ങൽ സ്ഥിരീകരിക്കാൻ നിങ്ങൾ സ്വൈപ്പ് ചെയ്യേണ്ടിവരും. നിങ്ങൾക്ക് ഈ സേവനം ഉപയോഗിക്കാൻ താൽപ്പര്യമില്ലെങ്കിൽ, ആപ്പ് നിയന്ത്രണങ്ങൾ ഉപയോഗിച്ച് നിങ്ങൾക്ക് ഇത് ഓഫാക്കാം.

6.5.2 **ഒറ്റത്തവണ പാസ്‌വേഡ് (ഒടിപി)**: ഒരു ഒടിപി ഉപയോഗിച്ച് നിങ്ങളെത്തന്നെ പ്രാമാണീകരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വാങ്ങുന്ന സമയത്ത് നിങ്ങൾക്ക് എല്ലായ്പ്പോഴും ഒരു ഒടിപി അഭ്യർത്ഥിക്കാവുന്നതാണ്, അതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ അയച്ച് തരുന്ന ഒടിപി ഉപയോഗിച്ച് ഇടപാട് അംഗീകരിക്കും. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ നമ്പറിന്റെ സുരക്ഷ നിലനിർത്താൻ നിങ്ങൾ എല്ലായ്പ്പോഴും ഉചിതമായ സകല നടപടികളും കൈക്കൊള്ളേണ്ടതാണ്. സുരക്ഷാ നിബന്ധനകൾ പാലിക്കാൻ നിങ്ങൾ പരാജയപ്പെട്ടാൽ, നിങ്ങൾ ബാങ്കിന് ഒരുബാധ്യത വരുത്തി വെച്ചേക്കാം, ബാങ്ക് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ, നിലവിലുള്ള ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ ഒരു പുതിയ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ ഇഷ്യൂ ചെയ്യുകയും ആപ്പിൽ നിന്ന് ഒരു പുതിയ

ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ സൃഷ്ടിക്കാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്തേക്കാം.

6.6 നിങ്ങൾ നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡോ ഏതെങ്കിലും സബ്സ്ക്രിപ്ഷനുകളോ ആവർത്തിച്ചുള്ള പേയ്മെന്റുകളോ ചേർത്തിട്ടുണ്ടെങ്കിൽ, പ്രസ്തുത സേവനങ്ങൾക്കായുള്ള രജിസ്ട്രേഷൻ കൂടാതെ/അല്ലെങ്കിൽ ആദ്യ ഇടപാട് വകുപ്പ് 6.5-ൽ കൊടുത്തിരിക്കുന്ന മേൽപ്പറഞ്ഞ ഏതെങ്കിലും മാർഗ്ഗങ്ങൾ ഉപയോഗിച്ച് പ്രാമാണീകരിക്കപ്പെടും. തുടർന്നുള്ള ഇടപാടുകൾ പ്രമാണീകരിക്കില്ല, ആദ്യം നടത്തിയ പരിശോധിച്ചുറപ്പാക്കലിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവ അംഗീകരിക്കപ്പെടൂ. എപ്പോഴെങ്കിലും നിങ്ങളുടെ സബ്സ്ക്രിപ്ഷൻ പ്ലാൻ മാറ്റാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വ്യാപാരിയുടെ വെബ്സൈറ്റിൽ നിന്നോ ആപ്പിൽ നിന്നോ നിങ്ങൾക്ക് അത് നേരിട്ട് ചെയ്യാനാകും. സബ്സ്ക്രിപ്ഷനുകൾ / ആവർത്തിച്ചുള്ള പേയ്മെന്റ് ക്രമീകരണം ആർബിഐ പ്രസ്താവിച്ചിട്ടുള്ള, കാലാകാലങ്ങളിൽ ഭേദഗതി ചെയ്തേക്കാവുന്ന, ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമാണെന്നുള്ളത് നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

6.6.1 ഈ സബ്സ്ക്രിപ്ഷനുകളിലോ ആവർത്തിച്ചുള്ള പേയ്മെന്റുകളിലോ വരുത്തുന്ന ഏതൊരു മാറ്റത്തിനും വകുപ്പ് 6.5-ൽ പ്രസ്താവിച്ചിരിക്കുന്ന മേൽപ്പറഞ്ഞ ഏതെങ്കിലും രീതികൾ ഉപയോഗിച്ചുള്ള പ്രാമാണീകരണം ആവശ്യമാണ്.

6.6.2 ഈ സബ്സ്ക്രിപ്ഷനുകൾക്ക് /ആവർത്തിച്ചുള്ള പേയ്മെന്റുകൾക്ക് അനുവദനീയമായ പരമാവധി പരിധി ₹ 5,000 ആണ്. മേൽപ്പറഞ്ഞ പേയ്മെന്റുകൾക്കായി രജിസ്റ്റർ ചെയ്യുന്ന സമയത്ത്, നിങ്ങൾക്ക് 5,000 രൂപയുടെ പരിധിക്കുള്ളിൽ ഒരു നിശ്ചിത രൂപാ മൂല്യം അല്ലെങ്കിൽ വ്യത്യാസപ്പെടുന്ന ഒരു ശ്രേണിസജ്ജമാക്കാൻ കഴിയും, ഇത് സബ്സ്ക്രിപ്ഷനുകൾക്ക് / ആവർത്തിച്ചുള്ള പേയ്മെന്റ് ക്രമീകരണത്തിന് സാധുതയുള്ള കാലയളവിനായി നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ നിന്ന് ഈടാക്കും.

6.6.3 നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ നിന്ന് തുക ഈടാക്കുന്നതിന് കുറഞ്ഞത് 24 മണിക്കൂർ മുമ്പെങ്കിലും നിങ്ങൾക്ക് ഒരു പ്രീ-ട്രാൻസാക്ഷൻ (ഇടപാടിനു മുമ്പുള്ള) അറിയിപ്പ് നൽകും. ഇത്തരം പേയ്മെന്റ് ക്രമീകരണത്തിനായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് നിങ്ങൾ നൽകുന്ന നിങ്ങളുടെ ഇഷ്ടപ്പെട്ട ആശയവിനിമയ മാർഗ്ഗത്തിലായിരിക്കും ഇടപാടിന് മുമ്പുള്ള ഈ അറിയിപ്പ് ലഭിക്കുക.

6.6.4 ഇടപാടിനു മുമ്പുള്ള ഈ അറിയിപ്പിൽ വ്യാപാരിയുടെ പേര്, ഇടപാട് തുക, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ നിന്ന് നിരക്ക് ഈടാക്കുന്ന തീയതി/സമയം, ഇടപാടിന്റെ റഫറൻസ് നമ്പർ, ചാർജിനുള്ള കാരണം (സബ്സ്ക്രിപ്ഷനോ ആവർത്തിച്ചുള്ള പേയ്മെന്റ് ക്രമീകരണമോ രജിസ്റ്റർ ചെയ്യുന്ന സമയത്ത് കാർഡ് അംഗം ഇത് നൽകുന്നതാണ്) എന്നിവ അടങ്ങിയിരിക്കും.

6.6.5 ഇടപാടിന് മുമ്പുള്ള അറിയിപ്പ് ലഭിച്ചു കഴിയുമ്പോൾ, ആ ഇടപാടിന് പണം നൽകുന്നതിൽ നിന്ന് ഒഴിവാകാനുള്ള സൗകര്യം കാർഡ് അംഗത്തിന് ഉണ്ടായിരിക്കും. നിങ്ങൾ ഒഴിവാകാൻ തീരുമാനിച്ചാൽ, വകുപ്പ് 6.5-ൽ നൽകിയിരിക്കുന്ന രീതികളിൽ ഒന്ന് ഉപയോഗിച്ച് പ്രസ്തുത നടപടി പ്രാമാണീകരിക്കേണ്ടതുണ്ട്. അത്തരമൊരു ഒഴിവാകലിന്റെ അറിയിപ്പ് ലഭിച്ച് കഴിയുമ്പോൾ, ആ പ്രത്യേക ഇടപാട് പ്രാബല്യത്തിൽ വരുന്നില്ലെന്നും അതുപോലെ തുടർന്നു വരുന്ന ആവർത്തിച്ചുള്ള ഇടപാടുകളും പ്രാബല്യത്തിൽ വരുന്നില്ലെന്നും ഞങ്ങൾ ഉറപ്പാക്കും. ഇത് സ്ഥിരീകരിക്കാനായി

നിങ്ങളുടെ ഇഷ്ടപ്പെട്ട ആശയവിനിമയ മാർഗ്ഗത്തിലേക്ക് ഞങ്ങൾ നിങ്ങൾക്ക് ഒരു അറിയിപ്പ് അയയ്ക്കും.

6.6.6 നിങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ, ആപ്പ് വഴിയോ വെബ്സൈറ്റ് വഴിയോ ഈ സബ്സ്ക്രിപ്ഷൻ / ആവർത്തിച്ചുള്ള പേയ്മെന്റ് ക്രമീകരണങ്ങൾ പിൻവലിക്കാനോ റദ്ദാക്കാനോ ഉള്ള ഓപ്ഷൻ നിങ്ങൾക്ക് ഉണ്ടായിരിക്കും. അത്തരം പിൻവലിക്കൽ/റദ്ദാക്കൽ വകുപ്പ് 6.5 ൽ നൽകിയിരിക്കുന്ന രീതികളിൽ ഒന്ന് ഉപയോഗിച്ച് പ്രാമാണീകരിക്കേണ്ടതാണ്. ഈ സബ്സ്ക്രിപ്ഷനുകളിൽ / ആവർത്തിച്ചുള്ള പേയ്മെന്റുകളിൽ നിന്നുള്ള ഏതൊരു പിൻവലിക്കലും/റദ്ദാക്കലും ആ പ്രത്യേക ക്രമീകരണത്തിനുള്ള തുടർന്നുള്ള ഇടപാടുകളിൽ കലാശിക്കും. എന്നാൽ ഏത് പൈപ്പ്ലൈൻ ഇടപാടുകളും നടത്തപ്പെടുമെന്നുള്ളത് നിങ്ങൾ ശ്രദ്ധിക്കണം. "പൈപ്പ്ലൈൻ ഇടപാടുകൾ" എന്നത് കാർഡ് അംഗത്തിന് ഇടപാടിന് മുമ്പുള്ള അറിയിപ്പുകൾ അയയ്ക്കുകയും ഒഴിവാകൽ സൗകര്യം ഉപയോഗപ്പെടുത്താതിരിക്കുകയും ചെയ്ത ഇടപാടുകളെയാണ് അർത്ഥമാക്കുന്നത്, എന്നിരുന്നാലും കാർഡ് അംഗത്തിന് ഇടപാട് അലേർട്ട് അയയ്ക്കുന്നതിനോ അയാൾ അത് കൈപ്പറ്റുന്നതിനോ മുമ്പ് കാർഡ് അംഗം പേയ്മെന്റ് ക്രമീകരണം പിൻവലിക്കാൻ തീരുമാനിച്ചു.

6.6.7 ഈ സബ്സ്ക്രിപ്ഷനുകൾ /ആവർത്തിച്ചുള്ള പേയ്മെന്റ് ക്രമീകരണം ലഭിക്കാൻ നിങ്ങളിൽ നിന്ന് ഒരു ചാർജും ഈടാക്കുകയോ വീണ്ടെടുക്കുകയോ ചെയ്യുന്നതല്ല.

7. **കാർഡ് അംഗത്വ ലംഘനം, സറണ്ടർ ചെയ്യൽ, അവസാനിപ്പിക്കൽ/റദ്ദാക്കൽ** 😳

7.1. ലംഘനം:

കാർഡ് അംഗം ഈ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന സാഹചര്യത്തിൽ:

7.1.1 ഈ നിബന്ധനകളിലെ മറ്റേതൊരു വ്യവസ്ഥയും ഗണ്യമാക്കാതെ, അത്തരമൊരു ലംഘനം മൂലം നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന ഏതൊരു നഷ്ടത്തിനും കാർഡ് അംഗം ബാധ്യസ്ഥനായിരിക്കും; കൂടാതെ

7.1.2 കുടിശ്ശിക അടയ്ക്കാൻ ആവശ്യപ്പെടുമ്പോൾ കാർഡ് അംഗത്തിന്റെ ഭാഗത്ത് കുടിശ്ശികയുള്ള എല്ലാ തുകയും, അത് ആ തീയതിയിൽ അടച്ച് തീർക്കേണ്ടതുള്ളതാണെങ്കിലും അല്ലെങ്കിലും, അടയ്ക്കാൻ കാർഡ് അംഗം ബാധ്യസ്ഥനാണ്.

7.2. കാർഡ് ഉടമ കാർഡ് സറണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമം - ഉചിതമായ അറിയിപ്പ്

7.2.1 ഞങ്ങളുടെ കസ്റ്റമർ കെയർ ടീമിനെ വിളിച്ചോ ഞങ്ങൾക്ക് ഇമെയിൽ അയച്ചുകൊണ്ടോ നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് അവസാനിപ്പിക്കാവുന്നതാണ്. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മുഴുവൻ കാർഡ് കുടിശ്ശികകളും വായ്പകളും / ഇഎംഐ സൗകര്യങ്ങളും (ബാധകമാണെങ്കിൽ കൂടാതെ/അല്ലെങ്കിൽ എടുത്തിട്ടുണ്ടെങ്കിൽ) ഉടനടി അടയ്ക്കേണ്ടതായി വരും.

7.2.2 കാർഡ് ക്ലോസ് ചെയ്ത ശേഷം ലഭിക്കുന്ന ഏതൊരു റീഫണ്ടും/റിവേഴ്സലും നിങ്ങളെ അറിയിക്കുകയും ഉടമസ്ഥാവകാശം പരിശോധിച്ചുറപ്പാക്കിയ ശേഷം കസ്റ്റമർ

കെയററുമായി പങ്കിട്ട അക്കൗണ്ട് നമ്പറിലേക്ക് ഇലക്ട്രോണിക് രീതിയിൽ റീഫണ്ട് ചെയ്യുകയും ചെയ്യും.

7.2.3 വെർച്വൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റാക്കിയാൽ, ഫിസിക്കൽ കാർഡ് നിങ്ങൾക്ക് അയച്ചുതരും. വെർച്വൽ കാർഡ് ആക്ടിവേറ്റാക്കി 6 മാസത്തിനുള്ളിൽ കാർഡ് അംഗത്വം റദ്ദാക്കാൻ നിങ്ങൾ തീരുമാനിച്ചാൽ, ₹ 3,000 ഈടാക്കും. ഇത് മൊത്തത്തിലുള്ള കുടിശ്ശിക തുകയിലേക്ക് ചേർക്കുകയും എല്ലാ കുടിശ്ശികകളും അടച്ചുകഴിയുമ്പോൾ കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യുകയും ചെയ്യും.

7.2.4 ഏതു കാരണത്താലായാലും ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അംഗത്വം അവസാനിപ്പിക്കുകയോ റദ്ദാക്കുകയോ ചെയ്താൽ, അത് കാർഡ് അംഗത്തിന്റെ നിർദ്ദേശ പ്രകാരമായിരുന്നാലും ബാങ്കിന്റെ നിർദ്ദേശ പ്രകാരമായിരുന്നാലും, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന എല്ലാ ചാർജുകൾക്കുമുള്ള ബാധ്യത കാർഡ് അംഗത്തിനായിരിക്കും.

7.2.5 നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്ത് കഴിഞ്ഞാൽ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ പ്രത്യേകാവകാശങ്ങൾ (ലഭിച്ച എല്ലാ ആനുകൂല്യങ്ങളും സേവനങ്ങളും, റിഡീം ചെയ്യാത്ത റിവാർഡ് പോയിന്റുകൾ മുതലായവ ഉൾപ്പെടെ എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്ത) അസാധുവാകുമെന്ന് നിങ്ങൾ പ്രത്യേകം സമ്മതിക്കുന്നു. പുനഃസ്ഥാപിക്കൽ യാന്ത്രികമോ അനുബന്ധമായതോ അല്ല, ബാങ്കിന്റെ വിവേചനാധികാരത്തിൽ മാത്രമായിരിക്കും അത് നടക്കുക.

7.2.6 ദുരുപയോഗം ഒഴിവാക്കാൻ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് കാർഡ് ക്രെഡിറ്റ് കാർഡ് നശിപ്പിക്കാൻ നിർദ്ദേശിക്കുന്നു, ഹോളോഗ്രാമും മാഗ്നറ്റിക് സ്ട്രിപ്പും ചിപ്പും ശാശ്വതമായി നശിപ്പിക്കണം.

7.2.7 പ്രസ്തുത ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ടതും കുടിശ്ശികയുള്ളതുമായ എല്ലാ തുകയും ബാങ്കിന് ലഭിച്ചുകഴിഞ്ഞാൽ മാത്രമേ നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യൂ.

7.3. കാർഡ് അംഗത്വം റദ്ദാക്കാനുള്ള നടപടിക്രമം

ബിസിനസ് അല്ലെങ്കിൽ സുരക്ഷാ കാരണങ്ങളാൽ ആവശ്യമാണെന്ന് ഞങ്ങൾക്ക് തോന്നുന്ന പക്ഷം, നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് കാർഡ് ക്രെഡിറ്റ് കാർഡിലേക്കുള്ള നിങ്ങളുടെ ആക്സസ് മുൻകൂർ അറിയിപ്പ് നൽകാതെ തന്നെ എപ്പോൾ വേണമെങ്കിലും റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്തേക്കാം, കാരണങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടാം, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുന്നില്ല:

7.3.1 വൈകിയതോ നിരസിച്ചതോ ആയ പേയ്മെന്റുകൾ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ അനുചിതമായ, അതായത് ആർബിഐയുടെയും വിദേശനാണ്യ നിയമങ്ങളുടെയും ലംഘനമാകാൻ സാധ്യതയുള്ള, ഉപയോഗം.

7.3.2 കാർഡ് അപേക്ഷയോടൊപ്പം നൽകിയ തെറ്റിദ്ധരിപ്പിക്കുന്നതോ കൃത്യതയില്ലാത്തതോ ആയ വിവരങ്ങൾ / ഡോക്യുമെന്റുകൾ;

7.3.3 നിങ്ങളുടെ ഉപഭോക്താവിനെ അറിയുക (കെവൈസി) / കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ (എഎംഎൽ) / തീവ്രവാദ ധനസഹായത്തെ ചെറുക്കൽ (സിഎഫ്ടി) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആവശ്യമായ വിവരങ്ങളോ രേഖകളോ നൽകുന്നതിലെ പരാജയം.

7.3.4 ഏതെങ്കിലും സിവിൽ വ്യവഹാരത്തിലോ ക്രിമിനൽ കുറ്റകൃത്യത്തിലോ ഉള്ള പങ്കാളിത്തം / ഏതെങ്കിലും അതോറിറ്റിയുടെ, കോടതിയുടെ, പ്രൊഫഷണൽ ബോഡിയുടെ അല്ലെങ്കിൽ അസോസിയേഷന്റെ നിയമനടപടികളിൽ ഉൾപ്പെടൽ; കൂടാതെ

7.3.5 നിലവിലുള്ള സ്ഥിതിവിശേഷങ്ങൾ / മുൻകൂട്ടി കാണാനാകാത്ത സാഹചര്യങ്ങൾ കാരണം ക്രെഡിറ്റ് പോളിസിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ.

കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്ത ശേഷവും, നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ യഥാർത്ഥ കുടിശ്ശിക അടങ്ങിയ സ്റ്റേറ്റ്മെന്റുകൾ ലഭിക്കുന്നത് തുടർന്നേക്കാം.

8. **നിരക്കുകളും പേയ്മെന്റുകളും** 📅
ആപ്പിൽ കാണിക്കുന്ന പേയ്മെന്റ് തീയതിയിൽ (സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരിക്കുന്നത്) നിങ്ങൾ അടയ്ക്കേണ്ട ചില ചാർജുകൾ ഇനിപ്പറയുന്നവയാണ്:

8.1. സാധനങ്ങളുടെയും കൂടാതെ/അല്ലെങ്കിൽ സേവനങ്ങളുടെയും വാങ്ങലിന്റെയോ ഒരു ക്യാഷ് പിൻവലിക്കലിന്റെയോ തുക;

8.2. എംഐടിസിയുടെ വകുപ്പ് എയിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും ഫീസ്.

8.3. പ്രത്യേക തരം ഇടപാടുകൾക്ക് ബാങ്ക് കാലാകാലങ്ങളിൽ തീരുമാനിക്കുന്ന സേവന നിരക്കുകൾ ഈടാക്കിയേക്കാം.

8.4. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട് സർക്കാരോ മറ്റ് അതോറിറ്റിയോ കാലാകാലങ്ങളിൽ ചുമത്തുന്ന എല്ലാ നിയമപരമായ നികുതികളും ചരക്ക് സേവന നികുതിയും (ജിഎസ്ടി) മറ്റ് നികുതികളും (ഏത് വിവരണ പ്രകാരമുള്ളതായിരുന്നാലും).

8.5. വൈകിയതോ ഭേദഗതി ചെയ്തതോ ആയ നിരക്കുകൾ:

8.5.1 ഒരു ഹോട്ടൽ, കാർ വാടക കമ്പനി അല്ലെങ്കിൽ ക്രൂയിസ് ലൈൻ ഇടപാടിനുള്ള അല്ലെങ്കിൽ മറ്റേതെങ്കിലും ഇടപാടുകൾക്കുള്ള കാലതാമസത്തിന് അല്ലെങ്കിൽ ഭേദഗതി വരുത്തിയ നിരക്കുകൾക്ക് ബാധ്യസ്ഥനാകാൻ നിങ്ങൾ സമ്മതിച്ചിട്ടുണ്ടെങ്കിൽ, ഒരു വ്യാപാരി കാലതാമസം ഉണ്ടായതോ ഭേദഗതി ചെയ്തതതോ ആയ നിരക്കുകൾ പ്രോസസ്സ് ചെയ്തേക്കാം; കൂടാതെ

8.5.2 വൈകിയതോ ഭേദഗതി ചെയ്തതോ ആയ ചാർജുകൾ ബന്ധപ്പെട്ട ഇടപാടിന്റെ ഇടപാട് തീയതി മുതൽ 90 കലണ്ടർ ദിവസത്തിനുള്ളിൽ കാർഡ് അക്കൗണ്ടിലേക്ക് പ്രോസസ്സ് ചെയ്യുന്നതാണ്.

8.6. ഈ ഇടപാടുകളിൽ റൂമിനോ ഭക്ഷണത്തിനോ പാനീയങ്ങൾക്കോ ഉള്ള നിരക്കുകൾ, നികുതികൾ, ഇന്ധനം, ഇൻഷുറൻസ്, വാടക ഫീസ്, വാടക വാഹനങ്ങൾക്കുള്ള

കേടുപാടുകൾ, പാർക്കിംഗ് ടിക്കറ്റുകൾ, മറ്റ് ഗതാഗത നിയമലംഘനങ്ങൾ, ഒരു ക്രൂയിസ് ലൈൻ കപ്പലിൽ നിന്ന് വാങ്ങിയ സാധനങ്ങളും സേവനങ്ങളും എന്നിവ ഉൾപ്പെട്ടേക്കാം.

8.7. ഇന്ധനത്തിന് പണമടയ്ക്കാൻ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിങ്ങൾ ആഭ്യന്തരമായി ഉപയോഗിക്കുമ്പോൾ, അക്വയററെ (വ്യാപാരിയുടെ ബാങ്ക് നൽകുന്ന ടെർമിനൽ) ഒരു ഇന്ധന സർചാർജ് ഈടാക്കും. ഇടപാട് തുകയുടെ 1% അല്ലെങ്കിൽ ഈടാക്കുന്ന യഥാർത്ഥ സർചാർജ് ഇതിലേതാണോ കുറവ് അതായിരിക്കും സർചാർജ് ഇളവ് (ജിഎസ്ടി ഒഴികെ). ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇന്ധന ഇടപാടുകൾക്കുള്ള പരമാവധി ഇന്ധന സർചാർജ് ഇളവ് ഒരു അക്കൗണ്ടിന് കലണ്ടർ മാസത്തിൽ ₹ 400 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. അത്തരം തിരിച്ചുനൽകലിൽ അത്തരം വാങ്ങലിന് നൽകുന്ന ബാധകമായ നികുതി ഉൾപ്പെടില്ല. ഇന്ധന ഇടപാടിൽ റിവാർഡ് പോയിന്റുകൾ ലഭിക്കില്ല.

8.8. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതിലൂടെ ഒരു നിരക്ക് ചുമത്തപ്പെട്ടാലുടൻ നിങ്ങൾ പണമടയ്ക്കാൻ ബാധ്യസ്ഥനായിരിക്കും. മുമ്പത്തെ കുടിശ്ശിക തുക ഉണ്ടെങ്കിൽ, ആ തുകകൾക്ക് പലിശ ഈടാക്കുകയും ചെയ്യും.

8.9. ശരാശരി ദൈനംദിന ബാലൻസ് രീതിയിലാണ് ചാർജ് കണക്കാക്കുന്നത്, ഇനിപ്പറയുന്ന തീയതികളിൽ ഏതെങ്കിലും ഒന്ന് മുതൽ അത് ഈടാക്കും:

8.9.1 സാധനങ്ങളോ സേവനങ്ങളോ വാങ്ങാനാണ് ചാർജ് ഈടാക്കുന്നതെങ്കിൽ, ബാങ്കിന്റെ രേഖകളിൽ അത് ഉൾപ്പെടുത്തിയ തീയതി മുതൽ; കൂടാതെ

8.9.2 ക്യാഷ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടാണ് ചാർജ് ഈടാക്കുന്നതെങ്കിൽ, പണം പിൻവലിച്ച തീയതി മുതൽ ബാങ്കിന് പണം ലഭിക്കുന്ന തീയതി വരെ.

8.10 നിങ്ങൾക്ക് നിങ്ങളുടെ സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ (വൺകാർഡ് ആപ്പിൽ പ്രസ്താവിച്ചിരിക്കുന്ന ബില്ലിംഗ് തീയതി പ്രകാരം), നിങ്ങളുടെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടയ്ക്കേണ്ട മൊത്തം തുകയോ (ടിഎഡി) അടയ്ക്കേണ്ട മിനിമം തുകയോ (എംഎഡി) അടയ്ക്കാൻ നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. ബാക്കി തുക തുടർന്നുള്ള മാസങ്ങളിലേക്ക് മാറ്റി വയ്ക്കാവുന്നതാണ്.

ഈ അടയ്ക്കേണ്ട മിനിമം തുക ഇനിപ്പറയുന്നതുപോലെ ആയിരിക്കും:

8.10.1 ശേഷിക്കുന്ന തുകയുടെ 5% അല്ലെങ്കിൽ ₹ 100 (ഏതാണോ വലുത് അത്), കൂടാതെ

8.10.2 മുമ്പത്തെ അടയ്ക്കാത്ത മിനിമം കുടിശ്ശിക തുകകൾ, അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ; കൂടാതെ

8.10.3 ക്രെഡിറ്റ് പരിധി കവിയുന്ന ഏത് അടിസ്ഥാന ഓവർലിമിറ്റ് തുകയും; കൂടാതെ

8.10.4 അടയ്ക്കേണ്ട ഏതെങ്കിലും തവണകളുടെ (ഇഎംഐ) മുഴുവൻ തുകയും (ബാധകമെങ്കിൽ/ബാധമായിരിക്കുന്ന പ്രകാരം)

അടയ്ക്കേണ്ട മൊത്തം തുകയ്ക്കോ അടയ്ക്കേണ്ട മിനിമം തുകയ്ക്കോ പുറമേ, അടയ്ക്കേണ്ട മിനിമം തുകയ്ക്കും അടയ്ക്കേണ്ട മൊത്തം തുകയ്ക്കും ഇടയിലുള്ള

ഒരു തുകയും നിങ്ങൾക്ക് അടയ്ക്കാവുന്നതാണ്. ലേറ്റ് പേയ്മെന്റ് ചാർജുകൾ ഒഴിവാക്കാൻ പണമടയ്ക്കേണ്ട അവസാന തീയതിക്ക് മുമ്പ് പേയ്മെന്റ് നടത്തണം.

8.11. അടയ്ക്കേണ്ട മൊത്തം തുക ₹100 ൽ താഴെയാണെങ്കിൽ, അടയ്ക്കേണ്ട മിനിമം തുക അടയ്ക്കേണ്ട മൊത്തം തുകയ്ക്ക് തുല്യമായിരിക്കും, അതായത് ₹100.. താഴെപ്പറയുന്ന രീതികൾ ഉപയോഗിച്ച് ആപ്പിലൂടെ നിങ്ങൾക്ക് കുടിശ്ശിക അടയ്ക്കാവുന്നതാണ്:

8.11.1 ഏത് യുപിഐ ഹാൻഡിൽ നിന്നും

8.11.2 നിങ്ങളുടെ ഡെബിറ്റ് കാർഡ് ഉപയോഗിച്ച്

8.11.3 നെറ്റ്ബാങ്കിംഗ് വഴി

8.11.4 ആപ്പിൽ നൽകിയിരിക്കുന്ന അതുല്യമായ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് നമ്പറിലേക്ക് ഐഎംപിഎസ് വഴിയോ എൻഇഎഫ്ടി വഴിയോ. നിങ്ങൾ ഡിജിറ്റൽ പേയ്മെന്റുകളിൽ വിശ്വസിക്കുന്നുവെന്ന് ഞങ്ങൾക്കറിയാം, അതുകൊണ്ട് പണമായോ ചെക്കായോ ഡിമാൻഡ് ഡ്രാഫ്റ്റായോ ഞങ്ങൾ തിരിച്ചടവുകൾ സ്വീകരിക്കുന്നില്ല. 😉

8.11.5 കാർഡ് ഉടമകൾ അവരുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് കുടിശ്ശികകൾ (എന്തെങ്കിലും ഉണ്ടെങ്കിൽ) മേൽപ്രസ്താവിച്ച പേയ്മെന്റ് രീതികൾ വഴി അടയ്ക്കാൻ ശുപാർശ ചെയ്യുന്നു. ബാങ്കുമായി അഫിലിയേറ്റ് ചെയ്യാത്ത/അഫിലിയേറ്റ് ചെയ്തിട്ടില്ലാത്ത ഏതെങ്കിലും മൂന്നാം കക്ഷി ആപ്പുകളോ വെബ്സൈറ്റുകളോ ഉൾപ്പെടെ മറ്റേതെങ്കിലും പേയ്മെന്റ് രീതികളിലൂടെയോ ചാനലുകളിലൂടെയോ നടത്തുന്ന ഏതൊരു ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് കുടിശ്ശിക പേയ്മെന്റിനും കുടിശ്ശിക ക്ലിയറൻസിനോ തീർപ്പാക്കലിനോ ഉയർന്ന ടിഎടി ഉണ്ടായിരുന്നേക്കാം. അടയ്ക്കേണ്ട തീയതിക്കുള്ളിൽ ബാങ്കിന് ഫണ്ട് ലഭിച്ചില്ലെങ്കിൽ, കാർഡ് വേരിയന്റിന് ബാധകമായിരിക്കുന്ന പ്രകാരമുള്ള പിഴ, പലിശ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ചാർജുകൾ ബാധകമാകും. അഫിലിയേറ്റ് ചെയ്യാത്ത മൂന്നാം കക്ഷി പേയ്മെന്റ് രീതികൾ/ചാനലുകൾ വഴി ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ നടത്തിയ പേയ്മെന്റ് കുടിശ്ശിക തീർപ്പാക്കലിലെ കാലതാമസം / പ്രതിഫലിക്കാതിരിക്കൽ സംബന്ധിച്ച എന്തെങ്കിലും അന്വേഷണങ്ങൾക്ക്, അഫിലിയേറ്റ് ചെയ്യാത്ത പ്രസ്തുത മൂന്നാം കക്ഷി പേയ്മെന്റ് രീതികളെ/ചാനലുകളെ കാർഡ് ഉടമകൾക്ക് നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

8.12. ഒരു പ്രത്യേക സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിട്ടുള്ള തുകകൾക്കായി നിങ്ങളിൽ നിന്ന് ലഭിക്കുന്ന ഏതൊരു പേയ്മെന്റും അത്തരം കുടിശ്ശികകളിലേക്ക് ഇനിപ്പറയുന്ന ക്രമത്തിൽ വകയിരുത്തും:

8.12.1 ബില്ല് ചെയ്ത ക്യാഷ് അഡ്വാൻസ് (പലിശ, ഫീസ്, നികുതികൾ ഉൾപ്പെടെ)

8.12.2 ബാധകമായ പലിശയും ഫീസും നികുതിയും സഹിതം ബില്ല് ചെയ്ത വാങ്ങലുകൾ

8.12.3 ബില്ല് ചെയ്യാത്ത ക്യാഷ് അഡ്വാൻസ് (പലിശയും ഫീസും നികുതികളും ഉൾപ്പെടെ)

8.12.4 മേൽപ്പറഞ്ഞവയ്ക്കുള്ളിൽ ബാധകമായിരിക്കുന്ന പ്രകാരമുള്ള പലിശയും ഫീസും നികുതിയും ഉൾപ്പെടെയുള്ള ബില്ല് ചെയ്യാത്ത വാങ്ങലുകൾ, വകയിരുത്തലിന്റെ ക്രമം ഇനിപ്പറയുന്നതു പോലെ ആയിരിക്കും: നികുതികൾ, ഫീസ്, പലിശ, വാങ്ങലുകൾ.

8.13. വകുപ്പ് 8.12-ൽ പറഞ്ഞിരിക്കുന്ന മുകളിലുള്ള വകയിരുത്തൽ ക്രമം ബാങ്ക് അതിന്റെ സ്വന്തം വിവേചന പ്രകാരം പരിഷ്കരിച്ചേക്കാവുന്നതാണ്. അത്തരം വകയിരുത്തലിന് ശേഷം ബാക്കി അധിക തുകകൾ ഉണ്ടെങ്കിൽ, അടുത്ത സ്റ്റേറ്റ്മെന്റിൽ(കളിൽ) പ്രതിപാദിക്കേണ്ടതുള്ള തുകകളിൽ അവ വകയിരുത്താവുന്നതാണ്, അത്തരം അധിക തുകകൾക്ക് പലിശ ഉണ്ടായിരിക്കില്ല.

8.14. ഓരോ കാർഡ് ഉടമയ്ക്കും ഒരു ക്രെഡിറ്റ് പരിധി നിയമിക്കും, ഒരു സമയത്തും അത് മറികടക്കാൻ പാടില്ല. എന്നാൽ മൊത്തം കുടിശ്ശിക തുക മൊത്തം ക്രെഡിറ്റ് പരിധി കവിയുന്നുവെങ്കിൽ, ആ അധിക തുകയ്ക്ക് അധിക ചാർജ് ഈടാക്കും. കാർഡ് അംഗത്തിന് മൊത്തം ക്രെഡിറ്റ് പരിധിയുടെ പുനരവലോകനം ആപ്പിൽ അഭ്യർത്ഥിക്കാവുന്നതാണ്. മൊത്തം ക്രെഡിറ്റ് പരിധിയിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടെങ്കിൽ, അത് ബാങ്കിന്റെ വിവേചനാധികാര പ്രകാരം മാത്രമായിരിക്കും.

8.15. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗത്തെ അടിസ്ഥാനമാക്കി, വൺകാർഡ് ആപ്പിൽ ക്രെഡിറ്റ് പരിധി വർദ്ധനവ് ശുപാർശ ചെയ്യാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. ശുപാർശ സ്വീകരിക്കുന്നതിന് മുമ്പ് പരിഗണിക്കാനായി, പ്രസ്തുത ശുപാർശയും അതിന്റെ അനുബന്ധ നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾക്ക് ലഭ്യമാക്കും.

വൺകാർഡ് ആപ്പിനുള്ളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ക്രെഡിറ്റ് പരിധി വർദ്ധനവുമായി ബന്ധപ്പെട്ട നിബന്ധനകൾ നിങ്ങൾ വായിച്ച് അംഗീകരിച്ച് പരിധി വർദ്ധിപ്പിക്കാൻ നിങ്ങൾ സമ്മതം നൽകിക്കഴിഞ്ഞാൽ, ബാങ്ക് നിങ്ങളുടെ കാർഡിലെ ക്രെഡിറ്റ് പരിധി വർദ്ധിപ്പിക്കും. പരിധി വർദ്ധനവ് നിങ്ങൾ പ്രത്യേകം വാലിഡേറ്റ് ചെയ്യുന്ന, വൺകാർഡ് ആപ്പിനുള്ളിൽ ഇലക്ട്രോണിക് മാർഗങ്ങളിലൂടെ ലഭിക്കുന്ന പരിധി വർദ്ധനവ് ശുപാർശ നിങ്ങൾ അംഗീകരിക്കുന്നത് ഒരു സമ്മതമായി കണക്കാക്കും.

ഞങ്ങൾ അത്തരം സമ്മതത്തിന്റെ ഡിജിറ്റൽ രേഖകൾ സൂക്ഷിക്കുകയും പരിധി വർദ്ധനയുമായി ബന്ധപ്പെട്ട് പിന്നീട് എന്തെങ്കിലും തർക്കം ഉണ്ടായാൽ അത് സമ്മതത്തിന്റെ തെളിവായി കണക്കാക്കുകയും ചെയ്യും.

8.16. നിങ്ങളുടെ ഇടപാട് രീതികളെയും തിരിച്ചടവ് സ്വഭാവത്തെയും മറ്റ് ആന്തരിക മാനദണ്ഡങ്ങളെയും അടിസ്ഥാനമാക്കി ബാങ്ക് നിങ്ങളുടെ അക്കൗണ്ട് ഇടയ്ക്കിടെ അവലോകനം ചെയ്യും, ക്രെഡിറ്റ് പരിധി കുറയ്ക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. ഇത് വൺകാർഡ് ആപ്പ് വഴിയും കൂടാതെ/അല്ലെങ്കിൽ ഇമെയിൽ, എസ്എംഎസ് വഴിയും നിങ്ങളെ അറിയിക്കും.

8.17. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് കുടിശ്ശിക അടയ്ക്കാൻ കാർഡ് അംഗം നൽകിയ പേയ്മെന്റ് ഉപകരണമോ നിർദ്ദേശമോ മാനിക്കപ്പെടുന്നില്ലെങ്കിൽ, അല്ലെങ്കിൽ പ്രോസസ്സ് ചെയ്യാൻ കഴിയാത്തതുകൊണ്ട് നിങ്ങൾക്ക് തിരികെ നൽകേണ്ടി വന്നാൽ, നിങ്ങൾക്കെതിരെ നിയമനടപടികൾ ആരംഭിക്കാനുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്, കൂടാതെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സ്വന്തം വിവേചനാധികാര പ്രകാരം ഫീസ് ഈടാക്കുകയും കൂടാതെ/അല്ലെങ്കിൽ താൽക്കാലികമായി പ്രവർത്തനരഹിതമാക്കുകയും/ശാശ്വതമായി റദ്ദാക്കുകയും ചെയ്യും. ലേറ്റ് പേയ്മെന്റ് ചാർജുകളോ ബാങ്ക് തീരുമാനിക്കുന്ന മറ്റ് ചാർജുകളോ അടയ്ക്കാൻ നിങ്ങൾ ബാധ്യസ്ഥരായിരിക്കും.

11. **നഷ്ടപ്പെട്ടതോ മോഷണം പോയതോ ദുരുപയോഗം ചെയ്തതോ ആയ ക്രെഡിറ്റ് കാർഡുകൾ/നഷ്ടപ്പെട്ട ഫോൺ** 😡

10.1. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷണം പോകുകയോ ദുരുപയോഗിക്കപ്പെടുകയോ ചെയ്താൽ പാലിക്കേണ്ട നടപടിക്രമം

11.1.1 നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷണം പോകുകയോ എവിടെയോ വെച്ച് മറന്നുപോകുകയോ ചെയ്താൽ, അല്ലെങ്കിൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ നമ്പർ അറിയരുതാത്തവർ അറിയുകയോ ചെയ്താൽ, വൺകാർഡ് ആപ്പിൽ നിന്നോ 1800-268-3111 -ൽ ഫോൺ ചെയ്തോ fedone@getonecard.app ലേക്കുള്ള ഇമെയിൽ വഴിയോ ഉടനടി അത് റിപ്പോർട്ട് ചെയ്യുക. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് എവിടെയോ വെച്ച് മറന്നുപോയാൽ, വൺകാർഡ് ആപ്പിൽ നിന്ന് നിങ്ങൾക്ക് കാർഡ് താൽക്കാലികമായി മരവിപ്പിക്കാവുന്നതാണ്.

11.1.2 നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്താൽ, നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്ത ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിങ്ങൾക്ക് വൺകാർഡ് മൊബൈൽ ആപ്ലിക്കേഷനിൽ നിന്ന് ബ്ലോക്ക് ചെയ്യാനാകും, നിങ്ങൾക്ക് ഒരു പുതിയ കാർഡ് അയച്ചുതരും. ആപ്പിൽ നിന്ന് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ പുനഃസജ്ജമാക്കാനും കഴിയും.

11.1.3 വൺകാർഡ് മൊബൈൽ ആപ്ലിക്കേഷനുള്ള മൊബൈൽ ഫോൺ നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്താൽ, 1800-268-3111 -ൽ വിളിച്ച് ഉടൻ തന്നെ അറിയിക്കുക.

11.1.4 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് കാർഡ് ക്രെഡിറ്റ് കാർഡോ ഫോണോ മോഷണം പോയ കാര്യം ഒരു പ്രഥമ വിവര റിപ്പോർട്ട് (എഫ്ഐആർ) സമർപ്പിച്ചുകൊണ്ട് ദയവായി പോലീസിൽ റിപ്പോർട്ട് ചെയ്യുകയും ആവശ്യപ്പെടുമ്പോൾ അതിന്റെ ഒരു പകർപ്പ് ഞങ്ങൾക്ക് അയച്ചുതരികയും ചെയ്യുക.

11.1.5 നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറോ ഇ-മെയിൽ വിലാസമോ മാറിയാൽ, ദയവായി fedone@getonecard.app ലേക്കുള്ള ഇമെയിൽ വഴി ഉടൻതന്നെ ഞങ്ങളെ അറിയിക്കുക .

10.2. മുകളിലുള്ള വകുപ്പ് 10.1 പ്രകാരമുള്ള സാഹചര്യത്തിൽ കാർഡ് ഉടമയുടെ ബാധ്യത

11.2.1 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നഷ്ടപ്പെട്ടതിനെ കുറിച്ച് നിങ്ങൾ ഞങ്ങളെ അറിയിച്ച ശേഷം, നിങ്ങൾ കടുത്ത അശ്രദ്ധയോടെ പ്രവർത്തിച്ചിട്ടില്ലെങ്കിൽ, അതിൽ പിന്നീട് ഉണ്ടാകുന്ന ദുരുപയോഗത്തിന് നിങ്ങൾക്ക് ബാധ്യത ഉണ്ടായിരിക്കില്ല.

11.2.2 നിങ്ങളുടെ സമ്മതത്തോടെയോ അറിവോടെയോ അല്ലെങ്കിൽ കാർഡോ ഫോണോ നഷ്ടപ്പെട്ട വിവരം ഞങ്ങളെ അറിയിക്കുന്നതിന് മുമ്പോ സംഭവിച്ച ഏതെങ്കിലും ദുരുപയോഗം മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും നിങ്ങൾ ഉത്തരവാദിയായിരിക്കും.

നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ നമ്പറും ആപ്പ് പിൻ നമ്പറും ഒരിക്കലും ആരുമായും പങ്കിടരുത്!

12 . **ബാധ്യത:** 📱
12.1. ഞങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു സിസ്റ്റം പരാജയമോ തകരാറോ മൂലം നിങ്ങൾക്ക് നേരിട്ടുള്ള നഷ്ടം സംഭവിക്കുന്നതിന് ബാങ്കായിരിക്കും ഉത്തരവാദി.

11.2. എന്നാൽ ഇടപാട് നടത്താതിരിക്കുകയോ നടത്തുന്നതിൽ പിഴവ് ഉണ്ടാകുകയോ ചെയ്താലുള്ള ഞങ്ങളുടെ ഉത്തരവാദിത്തം മുതലിന്റെ തുകയും പലിശ നഷ്ടവും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു, ഇത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിരിക്കും.

13 . **ബാധ്യത ഒഴിവാക്കൽ** 👈
13.1. മേൽപ്പറഞ്ഞതിന് ഒരു ഹാനിയും വരുത്താതെ, താഴെപ്പറയുന്നവയിൽ നിന്ന് നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ ബാങ്കിനോ വൺകൺസ്യൂമർക്കോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കൾക്കോ കാർഡ് അംഗത്തോട് യാതൊരു ബാധ്യതയും ഉണ്ടായിരിക്കില്ല:

13.1.1. വിതരണം ചെയ്യുന്ന ഏതെങ്കിലും സാധനങ്ങളിലോ സേവനങ്ങളിലോ ഉള്ള ഏതെങ്കിലും തകരാറുകൾ;

13.1.2. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് മാനിക്കാനോ സ്വീകരിക്കുന്നതിനോ ഏതെങ്കിലും വ്യക്തി/വ്യാപാര സ്ഥാപനം വിസമ്മതിക്കുന്നത്;

13.1.3. ഏതെങ്കിലും കമ്പ്യൂട്ടർ ടെർമിനലിന്റെ തകരാറുകൾ;

13.1.4. കാർഡ് അംഗം ഒഴികെ മറ്റേതെങ്കിലും വ്യക്തി ഇടപാട് നിർദ്ദേശങ്ങൾ നൽകുന്നത്;

13.1.5. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ബാങ്കിനോ കൂടാതെ/അല്ലെങ്കിൽ അതിന്റെ അംഗീകൃത പ്രതിനിധികൾക്കോ അല്ലാതെ മറ്റാർക്കെങ്കിലും കൈമാറുന്നത്.

13.1.6 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ പ്രസ്താവിച്ചിരിക്കുന്ന കാലഹരണ തീയതിക്ക് മുമ്പ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സറണ്ടർ ചെയ്യാൻ ആവശ്യപ്പെടാനും വാങ്ങാനുമുള്ള അവകാശം ബാങ്ക് വിനിയോഗിക്കുന്നു;

13.1.7 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡും അനുബന്ധ കാർഡ് അക്കൗണ്ടും അവസാനിപ്പിക്കാനുള്ള തങ്ങളുടെ അവകാശം ബാങ്ക് വിനിയോഗിക്കുന്നു; അല്ലെങ്കിൽ

13.1.8. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് തിരിച്ച് കൈവശപ്പെടുത്തിയതിനാലോ കൂടാതെ/അല്ലെങ്കിൽ അത് തിരികെ നൽകാനുള്ള അഭ്യർത്ഥന മൂലമോ ഏതെങ്കിലും വ്യാപാര സ്ഥാപനം ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് സ്വീകരിക്കാനോ മാനിക്കാനോ വിസമ്മതിച്ചതിനാലോ നിങ്ങളുടെ ക്രെഡിറ്റ് സ്വഭാവത്തിനും സത്പേരിനും സംഭവിച്ചതായി ആരോപിക്കപ്പെടുന്ന ഏതെങ്കിലും കേടുപാടുകൾ.

13.2 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുമ്പോൾ നിങ്ങൾ നൽകുന്ന രജിസ്റ്റർ ചെയ്ത മൊബൈൽ ഫോൺ നമ്പറിലോ ഇമെയിലിലോ അലേർട്ടുകൾ ലഭിക്കുന്നത്, ബാങ്ക് ഏർപ്പെടുത്തിയിരിക്കുന്ന സേവന ദാതാക്കൾ നൽകുന്ന അടിസ്ഥാന സൗകര്യങ്ങളെയും കണക്റ്റിവിറ്റിയെയും സേവനങ്ങളെയും ആശ്രയിച്ചിരിക്കുന്നുവെന്ന് നിങ്ങൾ സമ്മതിക്കുന്നു.

13.3. അയയ്ക്കുന്ന അലേർട്ടുകളുടെ സമയക്രമവും കൃത്യതയും വായനാക്ഷമതയും ബാങ്ക് ഏർപ്പെടുത്തിയിരിക്കുന്ന മറ്റ് സേവന ദാതാക്കളെ ബാധിക്കുന്ന ഘടകങ്ങളെയും മറ്റും ആശ്രയിച്ചിരിക്കുമെന്ന് കാർഡ് അംഗം അംഗീകരിക്കുന്നു. നിങ്ങൾക്കുള്ള അലേർട്ടുകൾ ഡെലിവറാകാതിരിക്കൽ അല്ലെങ്കിൽ ഡെലവറി വൈകൽ, ട്രാൻസ്മിഷനിലെ പിശക്, നഷ്ടം അല്ലെങ്കിൽ വികലത എന്നിവയ്ക്ക് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

14 . **ആഡ്-ഓൺ/സപ്ലിമെന്ററി കാർഡ്** 👨‍👩‍👧‍👦

14.1. വൺകാർഡ് ആപ്പിലെ "മൈ ഫാമിലി" സെക്ഷനിൽ നിന്ന് നിങ്ങളുടെ കുടുംബാംഗങ്ങൾക്കായി ഒരു ആഡ്-ഓൺ/സപ്ലിമെന്ററി കാർഡ് നിങ്ങൾക്ക് അഭ്യർത്ഥിക്കാവുന്നതാണ്.

14.2. നിങ്ങൾ "മൈ ഫാമിലി" സേവനങ്ങൾ ഉപയോഗിക്കുന്നതിന് മുമ്പ് ദയവായി ഈ നിബന്ധനകൾ ശ്രദ്ധാപൂർവ്വം വായിക്കുക. ആഡ്-ഓൺ കാർഡ് ഉപയോഗിക്കുന്നത് ഈ നിബന്ധനകളും എംഐടിസിയും അംഗീകരിച്ചതിന്റെ തെളിവായി കണക്കാക്കും. ആഡ്-ഓൺ കാർഡ് ഉടമയും നിങ്ങളും, അത് ഇഷ്യൂ ചെയ്യാന അംഗീകാരം നൽകുന്നതിലൂടെ, ഈ നിബന്ധനകളും എംഐടിസി-യും പാലിക്കാൻ സംയുക്തമായി ബാധ്യസ്ഥരാണ്, ഇത് നിങ്ങൾക്കും ബാങ്കിനും ഇടയിലുള്ള നിയമപരമായ ഒരു കരാറായി മാറുന്നു.

14.3. **ഓൺബോർഡിംഗ്:** ഒരു കുടുംബാംഗത്തെ ക്ഷണിക്കുന്നതിന്, കുടുംബാംഗത്തിന്റെ പേര് (പാൻ നമ്പർ പ്രകാരമുള്ളത്), ഫോൺ നമ്പർ (ഓൺബോർഡിംഗ് സമയത്ത് ഒറ്റത്തവണ പാസ്‌വേഡ് ഉപയോഗിച്ച് ഞങ്ങൾ ഇത് പ്രാമാണീകരിക്കും), കുടുംബാംഗവുമായുള്ള ബന്ധം, ക്രെഡിറ്റ് പരിധി നിയമനം (ഇത് പിന്നീട് പുനഃസജ്ജമാക്കാം), കാർഡ് തരം (മെറ്റൽ/പ്ലാസ്റ്റിക്) എന്നിവ ഞങ്ങൾക്ക് നൽകണം.

14.3.1 കുടുംബാംഗത്തിന് ഞങ്ങൾ ഒരു ക്ഷണ ലിങ്ക് അയയ്ക്കും, അവർ ഇനിപ്പറയുന്ന വിശദാംശങ്ങൾ നൽകേണ്ടതുണ്ട്:

- ഫോൺ നമ്പർ
- ഇമെയിൽ വിലാസം
- ജനനത്തീയതി
- താമസ വിലാസം
- തൊഴിൽ തരവും ജോലി സ്ഥലവും
- ഏതെങ്കിലും ജനസംഖ്യാപരമായ ഡാറ്റ
- പാൻ കാർഡ്
- ഫെഡറൽ ബാങ്ക് പ്രകാരമുള്ള കെവൈസി വിശദാംശങ്ങൾ

14.3.2 ആഡ്-ഓൺ കാർഡ് ഉടമ കെവൈസി വിജയകരമായി പൂർത്തിയാക്കിയ ശേഷം, അംഗത്തിന് അവരുടെ കാർഡ് ആക്ടിവേറ്റായി കിട്ടാൻ പ്രൈമറി കാർഡ് ഉടമ അംഗീകാരം നൽകേണ്ടതുണ്ട്.

14.4. **യോഗ്യത:**
14.4.1 സജീവവും നല്ല നിലയിലുള്ളതുമായ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് അവരുടെ കുടുംബാംഗങ്ങൾക്കായി ആഡ്-ഓൺ കാർഡുകൾ നേടാവുന്നതാണ്.

14.4.2 പ്രൈമറി കാർഡ് ഉടമയ്ക്ക് ലഭിക്കാവുന്ന ആഡ്-ഓൺ കാർഡുകളുടെ എണ്ണം 5 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

14.4.3 18 വയസ്സിന് മുകളിലുള്ള വ്യക്തികൾക്കു വേണ്ടി മാത്രമേ പ്രൈമറി കാർഡ് ഉടമയ്ക്ക് ആഡ്-ഓൺ കാർഡിന്(കൾക്ക്) അപേക്ഷിക്കാൻ കഴിയൂ.

14.4.4 ആഡ്-ഓൺ കാർഡിനായി ക്ഷണിക്കപ്പെട്ട വ്യക്തിക്ക് ഇനിപ്പറയുന്ന ഡോക്യുമെന്റുകൾ ഉണ്ടായിരിക്കണം:

എ) പാൻ കാർഡ്, ബി) ബാങ്ക് അക്കൗണ്ട്

14.5. **ബില്ലുകളുടെ പേയ്മെന്റ്:**
14.5.1 ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കുന്ന ആഡ്-ഓണുകളിൽ നടത്തുന്ന എല്ലാ ഇടപാടുകളുടെയും തിരിച്ചടവുകൾക്ക് പ്രൈമറി കാർഡ് ഉടമ ബാധ്യസ്ഥനാണ്.

14.5.2 ആഡ്-ഓൺ കാർഡ് ഉടമയ്ക്ക്(കൾക്ക്) അവരുടെ പേയ്മെന്റുകൾ നടത്താൻ കഴിയില്ല, കൂടാതെ ഇഎംഐയിലേക്ക് പരിവർത്തനം ചെയ്യാനുള്ള ഓപ്ഷനും ഉണ്ടായിരിക്കില്ല.

14.6. **റിവാർഡുകൾ**
14.6.1 ആഡ് ഓൺ കാർഡ് ഉടമകൾക്ക് അവരുടെ ഇടപാടുകളിൽ റിവാർഡ് പോയിന്റുകൾക്കുള്ള അർഹത ഉണ്ടായിരിക്കും.

14.6.2 റിവാർഡ് പോയിന്റുകൾക്ക് അർഹതയുള്ള ഇടപാടുകൾ പ്രൈമറി കാർഡ് ഉടമയുടേതിന് തുല്യമായിരിക്കും.

14.6.3 ആഡ്-ഓൺ കാർഡ് ഉടമയുടെ റിവാർഡ് പോയിന്റുകൾ പ്രൈമറി കാർഡ് ഉടമയ്ക്കും ആഡ്-ഓൺ കാർഡ് ഉടമയ്ക്കും റിഡീം ചെയ്യാനാകും.

14.6.4 പ്രൈമറി കാർഡ് ഉടമയ്ക്ക് ആഡ്-ഓൺ കാർഡ് ഉടമകളുടെ റിവാർഡ് പോയിന്റുകൾ ക്യാഷ്ബാക്ക് രൂപത്തിൽ റിഡീം ചെയ്യാനാകും.

14.6.5 ആഡ്-ഓൺ കാർഡ് ഉടമയുടെ(കളുടെ) റിവാർഡ് പോയിന്റുകൾ പ്രൈമറി കാർഡ് ഉടമയ്ക്ക് ഒരുമിച്ച് ചേർക്കാൻ കഴിയില്ല.

14.7. **കാർഡ് നിർജ്ജീവമാക്കുക/വീണ്ടും സജീവമാക്കുക:**
14.7.1 പ്രൈമരി കാർഡ് ഉടമയ്ക്ക് ആഡ്-ഓൺ കാർഡ് നിർജ്ജീവമാക്കാനോ വീണ്ടും സജീവമാക്കാനോ കഴിയും, ഇത് ആഡ്-ഓൺ കാർഡ് ഉടമയ്ക്ക് അസാധുവാക്കാൻ കഴിയില്ല.

14.7.2 പ്രൈമറി കാർഡ് ഉടമയുടെ കാർഡ് ബ്ലോക്ക് ചെയ്ത നിലയിലാണെങ്കിൽ, ആഡ്-ഓൺ കാർഡ് അംഗത്തിന്റെ കാർഡും ബ്ലോക്ക് ചെയ്യപ്പെടും.

14.7.3 പ്രൈമറി കാർഡ് സജീവമായിരിക്കുന്നിടത്തോളം കാലം ആഡ്-ഓൺ/സപ്ലിമെന്ററി കാർഡ് ഉപയോഗിക്കാനാകും.

14.8. **കാർഡ് നിയന്ത്രണങ്ങൾ:**
14.8.1 പ്രൈമറി കാർഡ് ഉടമയ്ക്ക് ചില ഇടപാടുകളോ കാർഡ് നിയന്ത്രണങ്ങളോ പ്രവർത്തനക്ഷമമാക്കാനോ പ്രവർത്തനരഹിതമാക്കാനോ കഴിയും.

14.8.2 ആഡ്-ഓൺ കാർഡ് ഉടമയ്ക്ക് കാർഡിന്റെ ഒരു പ്രത്യേക നിയന്ത്രണത്തിന്റെ സ്റ്റാറ്റസ് മാറ്റാനുള്ള അഭ്യർത്ഥന ഒരിക്കൽ മാത്രമേ അയയ്ക്കാനാകൂ.

15. **ശേഖരങ്ങൾ 📞**
15.1. പണമടയ്ക്കേണ്ട സമയത്ത് പണം അടയ്ക്കാൻ നിങ്ങൾ പരാജയപ്പെട്ടാൽ, ഈ നിബന്ധനകളിലും എംഐടിസിയിലും കൂടാതെ/അല്ലെങ്കിൽ ബാധകമായ നിയമങ്ങളിലും ലഭ്യമായിരിക്കുന്ന എല്ലാ അല്ലെങ്കിൽ ഏത് അവകാശങ്ങളും പരിഹാരമാർഗ്ഗങ്ങളും ബാങ്ക് മറ്റവകാശങ്ങളെ ഹനിക്കാതെ വിനിയോഗിക്കുമെന്ന് നിങ്ങൾ സമ്മതിക്കുന്നു.

15.2. പണമടയ്ക്കേണ്ട അവസാന തീയതിക്ക് ശേഷം 3 ദിവസം കഴിഞ്ഞിട്ടും നിങ്ങൾ അടയ്ക്കേണ്ട മിനിമം തുക പോലും നിങ്ങൾ അടച്ചിട്ടില്ലെങ്കിൽ, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനെ പിഴവ് വരുത്തിയ കാർഡായി ആർബിഐ അധികാരപ്പെടുത്തിയ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് (സിഐസി) ബാങ്ക് റിപ്പോർട്ട് ചെയ്യും. അടയ്ക്കേണ്ട മിനിമം തുക അടയ്ക്കാത്തത് ക്രെഡിറ്റ് കാർഡ് സേവനങ്ങൾ നിർത്തലാക്കുന്നതിലേക്കും നയിച്ചേക്കാം.

15.3. ഒരിക്കൽ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ (സിഐസി) റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ, പിന്നെ ആ റിപ്പോർട്ട് പിൻവലിക്കാനാവില്ല. എന്നാൽ കുടിശ്ശിക നിങ്ങൾ അടച്ചുതീർത്താൽ, തുടർന്നുള്ള മാസത്തിൽ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുമായി (സിഐസികൾ) പങ്കിടാനായി ഈ വിവരങ്ങൾ ബാങ്കിന് നൽകുന്നതാണ്.

15.4. ഒരു വീഴ്ച സംഭവിച്ചാൽ, കുടിശ്ശിക തീർപ്പാക്കാനായി പോസ്റ്റ്, ടെലിഫോൺ, ഇമെയിൽ, എസ്എംഎസ് എന്നിവ ഉൾപ്പെടെയുള്ള ചാനലുകളിലൂടെ നിങ്ങൾക്ക് ഓർമ്മപ്പെടുത്തലുകൾ അയയ്ക്കും. പതിവ് മാർഗങ്ങളിലൂടെ നിങ്ങളിൽ നിന്ന് മറുപടി ലഭിച്ചില്ലെങ്കിൽ, ഓർമ്മിപ്പിക്കാനും ഫോളോ അപ്പ് ചെയ്യാനും കുടിശ്ശിക പിരിക്കാനും മൂന്നാം കക്ഷികളെ ഏർപ്പെടുത്തിയേക്കാം.

15.5. നിയമിക്കപ്പെടുന്ന ഏതൊരു <u>മൂന്നാം കക്ഷിയും</u> കടം പിരിച്ചെടുക്കുന്നതു സംബന്ധിച്ച പെരുമാറ്റച്ചട്ടം പൂർണ്ണമായും പാലിക്കേണ്ടതാണ്.
15.6. പ്രൈമറി കാർഡ് ഉടമയ്ക്ക് അപകട മരണം സംഭവിച്ചാൽ, മുഴുവൻ കുടിശ്ശികയും (ബില്ല് ചെയ്യാത്ത ഇടപാടുകൾ ഉൾപ്പെടെ) ഉടനടി ബാങ്കിന് അടയ്ക്കേണ്ട തുകയായിത്തീരും, അത് ഉടനടി അടയ്ക്കേണ്ടതുമാണ്. കാർഡ് ഉടമയുടെ നിയമപരമായ അവകാശികളെ ബന്ധപ്പെട്ട് ബാങ്ക് തുടർനടപടികൾ സ്വീകരിക്കുകയും കുടിശ്ശിക തുകയെ കുറിച്ച് അവരെ അറിയിക്കുകയും ഈ കുടിശ്ശികകൾ തീർക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യും.

15.7 കാർഡ് ഉടമയ്ക്ക് സ്വാഭാവിക മരണമോ / സ്ഥിരമായ അവശതയോ സംഭവിച്ചാൽ കുടിശ്ശികകൾ ഈടാക്കൽ: കുടിശ്ശികയുള്ള മുഴുവൻ തുകയും (ബില്ല് ചെയ്യാത്ത ഇടപാടുകൾ ഉൾപ്പെടെ) ഉടനടി ബാങ്കിന് അടയ്ക്കേണ്ട തുകയായിത്തീരും, അത് ഉടനടി അടയ്ക്കേണ്ടതുമാണ്. കാർഡ് ഉടമയുടെ എസ്റ്റേറ്റിൽ നിന്ന് മൊത്തം കുടിശ്ശിക

ഈടാക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും. കാർഡ് ഉടമയുടെ പേരിൽ ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന നിയമപരമായ പിന്തുടർച്ചാ അവകാശങ്ങൾ /പണങ്ങൾ / നിക്ഷേപങ്ങൾ / അക്കൗണ്ടുകൾ എന്നിവയിൽ നിന്ന് മൊത്തം കുടിശ്ശിക തിരിച്ചുപിടിക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും, കൂടാതെ തന്റെ കുടിശ്ശിക നേരിട്ട് തിരിച്ചുപിടിക്കാനുള്ള അവകാശം കാർഡ് അംഗം ബാങ്കിന് നൽകുകയും ചെയ്യുന്നു.

16 . **വിദേശ രാജ്യങ്ങളിലും/കറൻസിയിലും ഈടാക്കുന്ന നിരക്കുകൾ $**

16.1. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് വിദേശത്ത് ഉപയോഗിക്കുമ്പോൾ, ആർബിഐ പുറപ്പെടുവിക്കുകയും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയും ചെയ്യുന്ന പ്രസക്തമായ എക്സ്ചേഞ്ച് നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിച്ചുകൊണ്ട് അത് ഉപയോഗിക്കാൻ നിങ്ങൾ സമ്മതിക്കുന്നു.

16.2. ആർബിഐയുടെ എക്സ്ചേഞ്ച് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നിങ്ങളുടെ നിയമപരമായ അവകാശങ്ങൾ നിങ്ങൾ മറികടക്കുന്ന സാഹചര്യത്തിൽ, നിങ്ങൾ അത് ഇമെയിൽ വഴി ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ആർബിഐ പ്രസ്താവിച്ചിട്ടുള്ളത് അനുസരിച്ച് അത്തരം ഏതെങ്കിലും ചാർജുകൾക്കുള്ള അംഗീകാരത്തിന് പാസ്പോർട്ട് ആവശ്യമുണ്ടെങ്കിൽ, പാസ്പോർട്ടിന് അംഗീകാരം നേടാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കാർഡ് അംഗത്തിനായിരിക്കും.

16.3 ആർബിഐ പുറപ്പെടുവിച്ച നിലവിലുള്ള എക്സ്ചേഞ്ച് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായാൽ, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന 1999- ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് പ്രകാരമുള്ള ഏതൊരു നടപടിക്കും കാർഡ് അംഗം ബാധ്യസ്ഥനായിരിക്കും, കൂടാതെ ബാങ്കോ ആർബിഐയോ ക്രെഡിറ്റ് കാർഡ് സൗകര്യം വിലക്കുകയും ചെയ്യും.

16.4. നിങ്ങളുടെ നിയമപരമായ അവകാശങ്ങൾ നിങ്ങൾ മറികടക്കുന്നതായി ബാങ്ക് അറിഞ്ഞാൽ, ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന വിദേശനാണ്യ അവകാശങ്ങൾ മറികടക്കുന്നതു നിമിത്തം നേരിട്ടോ അല്ലാതെയോ ചാർജ് നിരസിക്കുന്നതിലൂടെ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന് അല്ലെങ്കിൽ നാശനഷ്ടത്തിന് ബാങ്കിനോ വൺകൺസ്യൂമറിനോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കൾക്കോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കില്ല.

16.5. ഇന്ത്യൻ രൂപയല്ലാത്ത ഒരു കറൻസിയിലാണ് ഇടപാട് നടത്തുന്നതെങ്കിൽ, ആ ഇടപാട് ഇന്ത്യൻ രൂപയിലേക്ക് പരിവർത്തനം ചെയ്യുകയും നിങ്ങളുടെ സ്റ്റേറ്റ്മെന്റിൽ കാണിക്കുകയും ചെയ്യും. ബാങ്കുമായി ഇടപാട് തീർപ്പാക്കുന്ന തീയതിയിൽ തന്നെ പരിവർത്തനം നടക്കും, അത് ഇടപാട് നടന്ന അതേ തീയതി ആയിരിക്കണമെന്നില്ല.

16.6. ഇടപാട് യുഎസ് ഡോളറിൽ (യുഎസ്ഡി) അല്ലെങ്കിൽ, ഈടാക്കിയ തുക യുഎസ് ഡോളറിലേക്ക് മാറ്റിക്കൊണ്ട് യുഎസ് ഡോളറിൽ പരിവർത്തനം നടത്തും, തുടർന്ന് യുഎസ് ഡോളർ തുക പണമടയ്ക്കൽ തീയതിയിൽ കാർഡ് നെറ്റ്വർക്ക് നൽകുന്ന നിരക്കിൽ ഇന്ത്യൻ രൂപയായി (ഐഎൻആർ) പരിവർത്തനം ചെയ്യും. ഈ തുകയ്ക്ക്, ഒരു ഫോറെക്സ് മാർക്ക്അപ്പ് ഫീസ് ഈടാക്കും.

16.7. ഇന്ത്യയ്ക്ക് പുറത്തുള്ള ഒരു വ്യാപാരിയിൽ അല്ലെങ്കിൽ പേയ്മെന്റ് ഗേറ്റ്വേയിൽ ഇന്ത്യൻ രൂപയിൽ (ഐഎൻആർ) നടത്തുന്ന ഇടപാടിനും ഫോറെക്സ് മാർക്ക്അപ്പ് ഫീസ് ഈടാക്കും.

17. **നിർവ്വഹണ നിയമവും അധികാരപരിധിയും മധ്യസ്ഥതയും തർക്ക പരിഹാരവും**:

17.1. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷണം പോകുകയോ വഞ്ചനാപരമായി ദുരുപയോഗപ്പെടുത്തുകയോ ചെയ്യുകയും മുകളിലുള്ള വകുപ്പ് 8-ൽ പറഞ്ഞിരിക്കുന്നതു പോലെ അത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടില്ലാത്ത പക്ഷം - അവർ അത് തെളിയിക്കേണ്ടതുണ്ട് - ഒരു വ്യാപാര സ്ഥാപനത്തിൽ നിന്ന് പണമടവിനായി ലഭിക്കുന്ന ഏതൊരു അഭ്യർത്ഥനയും കാർഡ് ഉടമകൾ ചാർജുകൾ ഉചിതമായി ഉളവാക്കി എന്നതിന്റെ നിർണായക തെളിവായിരിക്കും.

17.2. ഏതെങ്കിലും ചാർജ് സ്ലിപ്പുകളിലെ കാർഡ് ഉടമയുടെ ഒപ്പ് അല്ലെങ്കിൽ അവരുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിന്നോ വൺകാർഡ് ആപ്പ് പിന്നോ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ അയച്ച വൺ-ടൈം-പാസ്‌വേഡോ (ഒടിപി) നൽകി ഇടപാട് ആധികാരികമാക്കിയത് അല്ലെങ്കിൽ ഇടപാട് സ്ഥിരീകരണ അറിയിപ്പ് സ്വൈപ്പ് ചെയ്തത് അതായത് സ്വൈപ്പ് ടു പേ പ്രയോഗിച്ചത് അവർ വരുത്തിവച്ച ബാധ്യതയുടെ നിർണായക തെളിവായിരിക്കും.

17.3. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പിൻ, ആപ്പ് പിൻ അല്ലെങ്കിൽ യൂസർ ഐഡി ഉപയോഗിച്ച് കസ്റ്റമർ കെയർ വഴിയോ ആപ്പിലൂടെയോ ഏതെങ്കിലും സൗകര്യം പ്രയോജനപ്പെടുത്തിയാൽ, കാർഡ് ഉടമ ആ ഇടപാട് നടത്തിയിട്ടുണ്ടെന്നുള്ളതിന്റെ നിർണായക തെളിവായിരിക്കും അത്. കാർഡ് ഉടമകൾക്ക് വാങ്ങിയ സാധനങ്ങളോ സേവനങ്ങളോ ലഭിച്ചെന്ന് ഉറപ്പാക്കാൻ ബാങ്കിനോ വൺകൺസ്യൂമറിനോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ സേവന ദാതാക്കൾക്കോ ഉത്തരവാദിത്തമില്ല.

17.4. സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന ഒരു ചാർജിനോട് കാർഡ് ഉടമകൾ വിയോജിക്കുന്ന സാഹചര്യത്തിൽ, സ്റ്റേറ്റ്മെന്റ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ദയവായി ഞങ്ങളെ അറിയിക്കുക, അങ്ങനെ ചെയ്യാത്ത പക്ഷം സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ ചാർജുകളും ശരിയാണെന്ന് അനുമാനിക്കും.

17.5. ഇന്ത്യയിലെ നിയമങ്ങൾ ഒഴികെയുള്ള മറ്റേതെങ്കിലും രാജ്യത്തെ നിയമങ്ങൾ പാലിക്കാത്തതിന് ബാങ്കോ വൺകൺസ്യൂമറോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാവോ നേരിട്ടോ അല്ലാതെയോ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നില്ല. ഇന്ത്യയ്ക്ക് പുറത്തുള്ള ഒരു രാജ്യത്ത് ഒരു കാർഡ് അംഗത്തിന് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ആക്സസ് ചെയ്യാൻ കഴിയുമെന്ന കേവല വസ്തുത, പ്രസ്തുത രാജ്യത്തെ നിയമങ്ങൾ ഈ നിബന്ധനകളെയും വ്യവസ്ഥകളെയും നിയന്ത്രിക്കുന്നുവെന്ന് അർത്ഥമാക്കുന്നതായി വ്യാഖ്യാനിക്കാനാവില്ല. ഈ നിബന്ധനകൾ ഇന്ത്യയിലെ നിയമങ്ങൾ അനുസരിച്ച് നിയന്ത്രിക്കപ്പെടുന്നതും ഇന്ത്യയിലെ പൂനെയിലുള്ള കോടതികളുടെ അധികാരപരിധിക്ക് വിധേയവുമായിരിക്കും.

16.6. ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും എംഐടിസിയ്ക്കും കീഴിലുള്ള എല്ലാ തർക്കങ്ങളും കാലാകാലങ്ങളിൽ ഭേദഗതി ചെയ്തേക്കാവുന്ന 1996-ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ട് (ആക്ട്) പ്രകാരം പരിഹരിക്കാൻ ഈ നിബന്ധനകളിലെ കക്ഷികൾ പരസ്പരം സമ്മതിക്കുന്നു. ആർബിട്രേഷൻ നടപടികളുടെ സ്ഥലം പൂനെ ആയിരിക്കും. ആർബിട്രേഷൻ (മധ്യസ്ഥത) ആവശ്യപ്പെടുന്ന കക്ഷി (ആദ്യ കക്ഷി) ആക്ടിന്റെ 12-ാം വകുപ്പിനു കീഴിലുള്ള അവരുടെ വെളിപ്പെടുത്തലുകൾ സഹിതം ഒന്നോ അതിലധികമോ ആർബിട്രേറ്റർമാരുടെ പേരുകൾ നിർദ്ദേശിച്ചുകൊണ്ട് രണ്ടാഴ്ചത്തെ നോട്ടീസ് നൽകണമെന്നും കക്ഷികൾ സമ്മതിക്കുന്നു, ആർബിട്രേറ്റർമാർ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാരോ 10

വർഷത്തിൽ കൂടുതലായി പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരോ ആയിരിക്കുന്നതാണ് അഭികാമ്യം. നിർദ്ദേശിക്കപ്പെട്ട പേരുകളിൽ നിന്ന് ഏതെങ്കിലും ഒന്ന് സ്വീകരിക്കുകയോ തെളിയിക്കപ്പെട്ട പക്ഷപാതത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പേരുകളും നിരസിക്കുകയോ ചെയ്തുകൊണ്ട് മറ്റേ കക്ഷി രണ്ടാഴ്ചയ്ക്കുള്ളിൽ മറുപടി നൽകേണ്ടതാണ്. രണ്ടാമത്തെ സാഹചര്യത്തിൽ, ഒന്നാം കക്ഷി മുകളിൽ പറഞ്ഞതുപോലെ പുതിയ ഒരു കൂട്ടം ആർബിട്രേറ്റർമാരെ നിർദ്ദേശിക്കുകയും മറ്റേ കക്ഷി അതിനോട് മുകളിൽ പറഞ്ഞതുപോലെ പ്രതികരിക്കുകയും ചെയ്യണം. ഒന്നാം കക്ഷിക്ക് മറ്റേ കക്ഷി സമ്മതിച്ച മദ്ധ്യസ്ഥനെ നിയമിക്കാൻ അവകാശമുണ്ടായിരിക്കും. ആർബിട്രേറ്റർമാരുടെ പേരുകൾ നിർദ്ദേശിക്കുന്ന നോട്ടീസിന് യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ, ആർബിട്രേറ്റർമാരിൽ ആരെയെങ്കിലും നിയമിക്കാനുള്ള മറ്റേ കക്ഷിയുടെ സമ്മതമായി അത് അനുമാനിക്കപ്പെടുകയും ആദ്യ കക്ഷിക്ക് നിർദ്ദിഷ്ട ആർബിട്രർമാരിൽ നിന്ന് ആരെയെങ്കിലും നിയമിക്കാൻ അർഹത ഉണ്ടായിരിക്കുകയും അത്തരമൊരു നിയമനം ഇരു കക്ഷികളും പരസ്പരം അംഗീകരിച്ചതായി കണക്കാക്കുകയും ചെയ്യും. അത്തരമൊരു അപ്പോയിന്റ്മെന്റ് ഒരു ആഴ്ചയ്ക്കുള്ളിൽ മറ്റേ കക്ഷിയെ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ കക്ഷികൾ മനഃപൂർവ്വം അംഗീകരിച്ചിട്ടുള്ളതും ഒരവസരത്തിലും അതിനെ കുറിച്ച് ഒരു തർക്കവും ഉന്നയിക്കാൻ പാടില്ലാത്തതുമാണ്..

17.7. മേൽപ്പറഞ്ഞവയെ ഹനിക്കാതെ, കുടിശ്ശിക അടയ്ക്കുന്നതിൽ കാർഡ് ഉടമ 60 ദിവസത്തിൽ കൂടുതൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ, മേൽപ്രസ്താവിച്ച ഏതെങ്കിലും തർക്കങ്ങൾ പരിഹരിക്കാനുള്ള അനുരഞ്ജന നടപടികൾ ആരംഭിക്കാൻ ബാങ്കിനോ ബാങ്കിന്റെ അംഗീകൃത പ്രതിനിധിക്കോ സ്വന്തം വിവേചനാധികാരത്തിൽ കാർഡ് ഉടമയ്ക്ക് നോട്ടീസ് നൽകാവുന്നതാണ്.

18 . **സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം** 👍 👎

18.1. ഡെലിവറിയിലെ കാലതാമസം, ഡെലിവറി ചെയ്യാതിരിക്കൽ, സാധനങ്ങൾ ലഭിക്കാതിരിക്കൽ അല്ലെങ്കിൽ തകരാറുള്ള സാധനങ്ങൾ ലഭിച്ചത് എന്നിവ ഉൾപ്പെടെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് നിങ്ങൾ വാങ്ങിയതോ പ്രയോജനപ്പെടുത്തിയതോ ആയ വ്യാപാരചരക്കിനോ വ്യാപാര വാറന്റിയ്ക്കോ സേവനങ്ങൾക്കോ ബാങ്കോ വൺകൺസ്യൂമറോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളോ ഒരു തരത്തിലും ഉത്തരവാദികളായിരിക്കില്ല.

18.2. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിങ്ങൾക്ക് സാധനങ്ങൾ വാങ്ങാനും സേവനങ്ങൾ നേടാനുമുള്ള ഒരു സൗകര്യം മാത്രമാണ്, ബാങ്കോ വൺകൺസ്യൂമറോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളോ ഉൽപ്പന്നത്തിന്റെ ഗുണനിലവാരമോ ഡെലിവറിയോ മറ്റ് കാര്യങ്ങളോ സംബന്ധിച്ച് യാതൊരു വാറന്റിയും നൽകുന്നില്ല അല്ലെങ്കിൽ പ്രാതിനിധ്യം നൽകുന്നില്ല.

18.3. ഉൽപ്പന്നമോ സേവനമോ സംബന്ധിച്ച ഏതൊരു തർക്കവും അല്ലെങ്കിൽ അവകാശവാദവും നിങ്ങൾ നേരിട്ട് വ്യാപാര സ്ഥാപനവുമായി പരിഹരിക്കേണ്ടതാണ്. ഒരു ക്ലെയിമോ തർക്കമോ നിലവിലുള്ളത് എല്ലാ ചാർജുകളും ബാങ്കിൽ അടയ്ക്കാനുള്ള ബാധ്യതയിൽ നിന്ന് നിങ്ങളെ ഒഴിവുള്ളവരാക്കുന്നില്ല, അത്തരം ചാർജുകൾ ഉടനടി അടയ്ക്കാൻ നിങ്ങൾ സമ്മതിക്കുകയും ചെയ്യുന്നു.

19 . **ക്രെഡിറ്റ് ഇടപാട്** 💰

19.1. ഒരു വാങ്ങലിനുള്ള ഡെബിറ്റും തുടർന്ന് സാധനങ്ങളോ സേവനങ്ങളോ റദ്ദാക്കുന്നതിനുള്ള ക്രെഡിറ്റും രണ്ട് വ്യത്യസ്ത ഇടപാടുകളായി കണക്കാക്കപ്പെടുന്നു. അധിക ചാർജുകൾ ഈടാക്കുന്നത് ഒഴിവാക്കാൻ, വാങ്ങൽ ഇടപാടിന് നിങ്ങൾ സ്റ്റേറ്റ്മെന്റിൽ പ്രത്യക്ഷപ്പെടുന്ന പണമടയ്ക്കണം.

19.2. റദ്ദാക്കുമ്പോൾ, ബാങ്കിൽ റീഫണ്ട് ലഭിക്കുമ്പോൾ മാത്രമേ കാർഡ് അക്കൗണ്ടിലേക്ക് (റദ്ദാക്കൽ ചാർജുകൾ കിഴിച്ചിട്ട്) റീഫണ്ട് ക്രെഡിറ്റ് ചെയ്യൂ. 30 ദിവസത്തിനുള്ളിൽ കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് പോസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ, നിങ്ങൾക്ക് ഇമെയിൽ വഴിയോ ഫോണിലൂടെയോ ബാങ്കിനെ അറിയിക്കാം.

20. **വെളിപ്പെടുത്തലുകൾ** 🔔
20.1. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ടുള്ള നിലവിലെ ബാലൻസ്, വായ്പകൾ / ഇഎംഐ സൗകര്യങ്ങൾ (ബാധകമാണെങ്കിൽ കൂടാതെ/അല്ലെങ്കിൽ എടുത്തിട്ടുണ്ടെങ്കിൽ), ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിലെ / വായ്പയിലെ കുടിശ്ശിക തുക, പേയ്മെന്റ് ചരിത്രം മുതലായവ ഉൾപ്പെടെ, എന്നാൽ അവയിൽ പരിമിതപ്പെടാത്ത ക്രെഡിറ്റ് വിവരങ്ങൾ, 2005-ലെ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് (റെഗുലേഷൻ) ആക്റ്റ് അനുസരിച്ച്, ആർബിഐ അംഗീകരിച്ച ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുമായി (സിഐസി) ബാങ്ക് പങ്കിടും.

20.2. ബാങ്കുകൾക്ക് അല്ലെങ്കിൽ എൻബിഎഫ്സികൾക്ക് സാമ്പത്തിക സേവനങ്ങൾ ഔട്ട്സോഴ്സ് ചെയ്യാൻ ആർബിഐ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ റെഗുലേറ്ററി നിയമങ്ങളും നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാൻ ബാങ്കുകൾക്ക് എല്ലാ ഉത്തരവാദിത്തവുമുണ്ട്. ബാങ്കുകളോ എൻബിഎഫ്സികളോ സാമ്പത്തിക സേവനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുന്നതു സംബന്ധിച്ച് ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഒരു സേവനവും ഞങ്ങൾ നൽകുന്നില്ല.

20.3. കാർഡ് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ബാങ്ക് നിയമപരമായ അധികാരികൾക്കും ബാങ്കിനും ആവശ്യാനുസരണം നൽകും കൂടാതെ/അല്ലെങ്കിൽ നൽകാനിടയാക്കും.

20.4. ലഭിക്കുന്ന ഇടപാട് അലേർട്ടുകൾ ഇടപാട് പൂർത്തിയായതിന്റെ സ്ഥിരീകരണമായി കണക്കാക്കാവുന്നതല്ല.

20.5. മറ്റ് ഉൽപ്പന്നങ്ങൾക്കായി മാർക്കറ്റിംഗ് കോളുകളൊന്നും സ്വീകരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ, fedone@getonecard.app -ൽ അല്ലെങ്കിൽ support@federalbank.co.in -ൽ ഞങ്ങൾക്ക് ഒരു ഇമെയിൽ അയച്ചുകൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ അഭ്യർത്ഥന രജിസ്റ്റർ ചെയ്യാവുന്നതാണ്, കൂടാതെ പ്രൊമോഷണൽ/മാർക്കറ്റിംഗ് ഇമെയിലുകളിൽ നൽകിയിരിക്കുന്ന അൺസബ്സ്ക്രൈബ് ലിങ്ക് വഴി അത്തരം ഇമെയിലുകളും ഒഴിവാക്കിക്കാവുന്നതാണ് .
20.6. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ ഇടപാടുകളെയും പ്രധാന സവിശേഷതകളെയും കുറിച്ചുള്ള ആശയവിനിമയങ്ങൾ നിങ്ങൾക്ക് തുടർന്നും ലഭിക്കും.

20.7. നിങ്ങളുടെ സമ്മതത്തിന് വിധേയമായി, നിങ്ങൾക്ക് സേവനങ്ങൾ നൽകാനായി നിങ്ങളുടെ വിവരങ്ങൾ താഴെപ്പറയുന്ന ഏതെങ്കിലും **മൂന്നാം കക്ഷി സേവന ദാതാക്കളുമായി** പങ്കിട്ടേക്കാം.

ക്രമ നമ്പർ	**മൂന്നാം കക്ഷി ഏജന്റിന്റെ പേര്**	**റോൾ**	**പങ്കിട്ട ഡാറ്റ**
1	M2P	എച്ച്എസ്എം, സ്വിച്ച്	എൻക്രിപ്റ്റ് ചെയ്ത കാർഡ് പിൻ & സിവിവി

2	ജി+ഡി	കാർഡ് പ്രിന്റിംഗ്	കാർഡ് വിശദാംശങ്ങൾ
3	സെസാഷായി	കാർഡ് പ്രിന്റിംഗ്	കാർഡ് വിശദാംശങ്ങൾ
4	ഇഡെമിയ	കാർഡ് പ്രിന്റിംഗ്	കാർഡ് വിശദാംശങ്ങൾ
5	സീറ്റ	എസിഎസ് (ആക്സസ് കൺട്രോൾ സെർവർ)	മറച്ച കാർഡ് നമ്പറും മൊബൈൽ നമ്പറും.

20 . **റിവാർഡ് പോയിന്റുകൾ** 🎁

നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതിലൂടെ, നിങ്ങൾ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് റിവാർഡ് പ്രോഗ്രാമിൽ സ്വയമേവ എൻറോൾ ചെയ്യപ്പെടുന്നു. നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് നിങ്ങൾ ഇടപാട് നടത്തുമ്പോൾ, ഇടപാട് മൂല്യവും വാങ്ങൽ കാറ്റഗറിയും അനുസരിച്ച് നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേക്ക് റിവാർഡ് പോയിന്റുകൾ ക്രെഡിറ്റ് ചെയ്യും. ഈ റിവാർഡ് പോയിന്റുകൾ ശേഖരിച്ചുവെച്ച് മറ്റ് വാങ്ങലുകൾ തിരിച്ചടയ്ക്കാൻ ഉപയോഗിക്കാം, അല്ലെങ്കിൽ ഇടയ്ക്കിടെ വൺകാർഡ് ആപ്പിൽ പ്രത്യക്ഷപ്പെടുന്ന ആവേശകരമായ ഓഫറുകൾക്കായി റിഡീം ചെയ്യാം.

I. **റിവാർഡ് പോയിന്റുകൾ നേടുക**

എ) ഏത് കാറ്റഗറിയിലുമുള്ള പതിവ് വാങ്ങലുകൾക്ക് മാത്രമേ റിവാർഡ് പോയിന്റുകൾ ക്രെഡിറ്റ് ചെയ്യൂ.

ബി) പണ കൈമാറ്റം, വാടക പേയ്മെന്റുകൾ, ഇന്ധന വാങ്ങലുകൾ, പണം പിൻവലിക്കൽ, ഡിജിറ്റൽ വാലറ്റ് ലോഡിംഗ് അല്ലെങ്കിൽ ടോപ്പ്-അപ്പ് ഇടപാടുകൾ എന്നിവയ്ക്ക് റിവാർഡ് പോയിന്റുകൾ ലഭിക്കില്ല. ചിലപ്പോൾ, ആപ്പിലൂടെയുള്ള വാങ്ങലുകളും വാഗ്ദാനം ചെയ്യുന്ന ഒരു ഡിജിറ്റൽ വാലറ്റ് ആപ്പിൽ നിങ്ങൾ ഒരു സേവനം/ഉൽപ്പന്നം വാങ്ങുമ്പോൾ, നിങ്ങൾക്ക് റിവാർഡ് പോയിന്റുകൾ ലഭിച്ചേക്കില്ല, കാരണം അതിൽ യഥാർത്ഥ വാലറ്റ് ലോഡ് ഉൾപ്പെടുന്നു, അത് പിന്നീട് വ്യാപാരിക്ക് പണമടയ്ക്കാൻ ഉപയോഗിക്കുന്നു.

സി) നിലവിൽ, ₹ 50-ന്റെ ഓരോ വാങ്ങലിനും നിങ്ങൾക്ക് 1 റിവാർഡ് പോയിന്റ് ലഭിക്കും.

ഡി) ₹ 50-ന് താഴെയുള്ള വാങ്ങൽ തുകകൾക്ക്, ഫ്രാക്ഷണൽ പോയിന്റുകൾ ക്രെഡിറ്റ് ചെയ്യും. ഉദാഹരണത്തിന്, നിങ്ങൾ ഒരു റീചാർജിന് ₹ 25 ചെലവഴിച്ചാൽ, 0.5 റിവാർഡ് പോയിന്റ് ക്രെഡിറ്റ് ചെയ്യും.

ഇ) ബോണസ് റിവാർഡുകൾ: ഒരു മാസത്തിൽ ഏറ്റവും മികച്ച 2 കാറ്റഗറികളിൽ ഉടനീളമുള്ള സാധുതയുള്ളതും സ്ഥിരീകരിച്ചതുമായ വാങ്ങലുകൾക്ക് "5X" റിവാർഡുകൾക്ക് അർഹതയുണ്ട്, അതിനർത്ഥം ആ മാസത്തേക്ക് ആ കാറ്റഗറികളിൽ നിങ്ങൾക്ക് 5 മടങ്ങ് റിവാർഡ് പോയിന്റുകൾ ലഭിക്കുമെന്നാണ്.

- യോഗ്യത നേടുന്നതിന്, നിങ്ങൾ ഒരു മാസത്തിൽ കുറഞ്ഞത് 3 കാറ്റഗറികളിൽ വാങ്ങൽ നടത്തണം. ഇവയിൽ, ഏറ്റവും മികച്ച 2 കാറ്റഗറികൾക്ക് 5X

റിവാർഡുകൾക്കുള്ള അർഹത ഉണ്ടായിരിക്കും. യോഗ്യത നേടാൻ 3 കാറ്റഗറികളിൽ ഓരോന്നിലും നിങ്ങൾ കുറഞ്ഞത് 750 രൂപ ചെലവഴിക്കേണ്ടതുണ്ട്.
- 5X റിവാർഡുകൾ വഴി ലഭിക്കുന്ന പോയിന്റുകൾ തുടർന്നുള്ള മാസത്തിലെ 10-ാമത്തെ ദിവസം നിങ്ങളുടെ പോയിന്റ് ബാലൻസിലേക്ക് ക്രെഡിറ്റ് ചെയ്യും. ഉദാഹരണത്തിന്, ജൂലൈയിലെ നിങ്ങളുടെ വാങ്ങലുകൾ യോഗ്യത ഉള്ളതാണെങ്കിൽ, ഓഗസ്റ്റ് 10-ന് നിങ്ങളുടെ പോയിന്റ് ബാലൻസിലേക്ക് 5X പോയിന്റുകൾ ക്രെഡിറ്റ് ചെയ്യും. II. റിവാർഡ് പോയിന്റുകൾ റിഡീം ചെയ്യുക: എ) റിവാർഡ് പോയിന്റുകൾ റിഡീം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ യാതൊരു ഫീസും ഈടാക്കില്ല. ബി) ഇനിപ്പറയുന്ന രീതികളിൽ ഉൾപ്പെടെയുള്ള രീതികളിൽ റിവാർഡ് പോയിന്റുകൾ റിഡീം ചെയ്യാം: പോയിന്റുകൾ ഉപയോഗിച്ച് പണമടയ്ക്കുക: ഇത് മുൻ ഇടപാടുകൾക്ക് പണമടയ്ക്കാൻ നിങ്ങളെ അനുവദിക്കുന്നു

III. കാലാകാലങ്ങളിൽ ബാധകമാകുന്ന പ്രകാരം മറ്റ് ഓഫറുകൾക്കോ ആനുകൂല്യങ്ങൾക്കോ വേണ്ടി പോയിന്റുകൾ റിഡീം ചെയ്യുക
എ) രണ്ട് മാസത്തിൽ താഴെ പഴക്കമുള്ള ഇടപാടുകൾക്ക് "പോയിന്റുകൾ ഉപയോഗിച്ച് പണമടയ്ക്കുക" എന്ന സൗകര്യം ലഭ്യമായിരിക്കും. ഉദാഹരണത്തിന്, നിങ്ങൾ ജൂലൈ 15-ന് ഒരു വാങ്ങൽ നടത്തിയാൽ, സെപ്റ്റംബർ 14 വരെ മാത്രമേ നിങ്ങൾക്ക് പോയിന്റുകൾ ഉപയോഗിച്ച് അത് തിരിച്ചടയ്ക്കാൻ കഴിയൂ (ലഭ്യമായ പോയിന്റ് ബാലൻസിനു വിധേയമായി).

ബി) റിഡീം ചെയ്യുമ്പോൾ, റിഡീം ചെയ്ത റിവാർഡ് പോയിന്റുകൾ നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലെ ശേഖരിച്ച റിവാർഡ് പോയിന്റുകളിൽ നിന്ന് സ്വയമേവ കുറയ്ക്കും.

സി) പോയിന്റുകൾ ഉപയോഗിച്ച് പണമടയ്ക്കാൻ, ഒരു ഇടപാടിൽ വലത്തേക്ക് സ്വൈപ്പ് ചെയ്താൽ മാത്രം മതി. ലഭ്യമായ പോയിന്റുകൾ അപര്യാപ്തമാണെങ്കിൽ, എത്ര പോയിന്റുകൾ വേണമെന്ന് സൂചിപ്പിക്കുന്ന ഒരു സന്ദേശം ദൃശ്യമാകും.

III. **മറ്റ് നിബന്ധനകൾ:**
എ) നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതോ അതിൽ നിന്ന് ഡെബിറ്റ് ചെയ്തതോ ആയ റിവാർഡ് പോയിന്റുകൾ വൺകാർഡ് ആപ്പിൽ പ്രതിഫലിക്കും.

ബി) ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് റിവാർഡ് പ്രോഗ്രാം പൂർണ്ണമായോ ഭാഗികമായോ പരിഷ്കരിക്കാനുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്. റിവാർഡ് പോയിന്റ് പരിവർത്തന നിരക്ക് മാറ്റാനോ നൽകിയ റിവാർഡ് പോയിന്റുകൾ പിൻവലിക്കാനോ ഇതിലെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും ഞങ്ങളുടെ സമ്പൂർണ്ണമായ വിവേചനാധികാര പ്രകാരം മാറ്റാനോ ഉള്ള അവകാശവും ഞങ്ങളിൽ നിക്ഷിപ്തമാണ്.

സി) ഈ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് റിവാർഡ് പ്രോഗ്രാമിന് ഏതെങ്കിലും നിയമമോ ചട്ടമോ ഉത്തരവോ അല്ലെങ്കിൽ ഏതെങ്കിലും നിയമപരമായ അതോറിറ്റിയുമായോ വൈരുദ്ധ്യമുണ്ടായാൽ, പ്രസ്തുത നിബന്ധനകൾ പ്രയോഗത്തിൽ വരുത്തുന്നതിനായി ഈ റിവാർഡ് പ്രോഗ്രാം പരിഷ്കരിക്കാനോ റദ്ദാക്കാനോ ബാങ്കിന് പൂർണ്ണമായ അധികാരവും അവകാശവുമുണ്ട്.

ഡി) താഴെ വിശദീകരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ ഒഴികെ, റിവാർഡ് പോയിന്റുകൾ കാലഹരണപ്പെടുന്നില്ല, അവയ്ക്ക് ആജീവനാന്ത സാധുതയുണ്ട്:

- ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് 365 ദിവസത്തിൽ കൂടുതൽ ഉപയോഗിക്കാതിരുന്നാൽ, ശേഖരിച്ച റിവാർഡ് പോയിന്റുകൾ അസാധുവാകും.
- ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് കടബാധ്യതയിലോ സസ്പെൻഷനിലോ വീഴ്ച്ചവരുത്തിയ നിലയിലോ ആണെങ്കിൽ അല്ലെങ്കിൽ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് വഞ്ചനാപരമായി ഉപയോഗിക്കുന്നുണ്ടെങ്കിൽ അല്ലെങ്കിൽ അങ്ങനെ ഉപയോഗിക്കുമെന്ന ന്യായമായ സംശയം ഉണ്ടെങ്കിൽ, ശേഖരിച്ച റിവാർഡ് പോയിന്റുകൾ റദ്ദാക്കാനോ താൽക്കാലികമായി നിർത്തലാക്കാനോ ബാങ്കിന് അവകാശമുണ്ട്.
- കാർഡ് അംഗം മരണമടഞ്ഞാൽ, ആ സമയത്ത് നേടിയതും എന്നാൽ റിഡീം ചെയ്യാത്തതുമായ റിവാർഡ് പോയിന്റുകൾ നഷ്ടപ്പെടും.
- ഒരു ഇടപാട് റീഫണ്ട്/ചാർജ്ജ്ബാക്ക്/റീഇംബേഴ്സ്മെന്റ് വഴി റദ്ദാക്കുന്ന പക്ഷം, ഇടപാട് തുക നിങ്ങളുടെ ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്യും. അത്തരം സന്ദർഭങ്ങളിൽ, ആ ഇടപാടുകളിൽ നിന്ന് ലഭിച്ച റിവാർഡ് പോയിന്റുകൾ മൊത്തത്തിലുള്ള പോയിന്റ് ബാലൻസിൽ നിന്ന് കുറയ്ക്കും.
- റിവാർഡ് പോയിന്റുകൾ റിഡീം ചെയ്തതിലൂടെ ലഭിച്ച വൗച്ചറുകൾ ഒരു കാർഡ് അംഗം റദ്ദാക്കിയാൽ, അവ റിഡീം ചെയ്ത അതേ നിരക്കിൽ പോയിന്റുകൾ പുനഃസ്ഥാപിക്കാനാകും.
- ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അംഗത്വം ക്ലോസ് ചെയ്യുകയോ അവസാനിപ്പിക്കുകയോ ചെയ്യുമ്പോൾ, കാർഡ് അംഗത്തിന്റെ അക്കൗണ്ടിൽ ക്ലെയിം ചെയ്യാതെ അവശേഷിക്കുന്ന എല്ലാ റിവാർഡ് പോയിന്റുകളും നഷ്ടപ്പെടും.

ഇ) നിങ്ങൾക്ക് വാഗ്ദാനം ചെയ്ത ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ ഏതെങ്കിലും വിതരണക്കാരൻ ആ ഉൽപ്പന്നങ്ങളോ സേവനങ്ങളോ പിൻവലിക്കുകയോ റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്താൽ ബാങ്കോ വൺകൺസ്യൂമറോ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളോ അതിന് ഉത്തരവാദികളായിരിക്കില്ല.

എഫ്) ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് റിവാർഡ്സ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന വ്യാപാര സ്ഥാപനങ്ങൾ നൽകുന്ന ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ ഗുണനിലവാരത്തിന് ബാങ്കോ വൺകൺസ്യൂമറോ കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളോ യാതൊരു വാറന്റിയും നൽകുന്നില്ല.

ജി) കാർഡ് നെറ്റ്‌വർക്ക് അതായത് വിസ/മാസ്റ്റർകാർഡ്/റുപേ അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കൾ നിർവ്വചിച്ചിരിക്കുന്ന മർച്ചന്റ് കാറ്റഗറി കോഡ് ("എംസിസി") അനുസരിച്ച് ഓരോ വാങ്ങലിനും വ്യത്യസ്തമായ ഒരു "കാറ്റഗറി" നിയമിച്ചിട്ടുണ്ടെന്നുള്ള കാര്യം നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണത്തിന്, ഭക്ഷണവും ഡൈനിംഗും, ഷോപ്പിംഗ്, യാത്ര, വിനോദം, പലചരക്ക് സാധനങ്ങൾ, ബില്ലുകളും യൂട്ടിലിറ്റികളും, ഇന്ധനം, തുടങ്ങിയവ.

എച്ച്) ഞങ്ങളുടെ നെറ്റ്‌വർക്ക് പങ്കാളിയിൽ നിന്നുള്ള മർച്ചന്റ് കാറ്റഗറി കോഡുകൾ (എംസിസികൾ) നിർവ്വചിച്ചിരിക്കുന്നതോ ബാങ്ക് തരംതിരിച്ചിരിക്കുന്നതോ ആയ വിദ്യാഭ്യാസം, ബില്ലുകളും യൂട്ടിലിറ്റികളും, ഇൻഷുറൻസ് എന്നിവ പോലുള്ള കാറ്റഗറികളിൽ റിവാർഡ് പോയിന്റുകൾ നേടാനാകും. ഈ കാറ്റഗറികൾക്ക്, 5X റിവാർഡുകൾക്ക് അർഹതയുണ്ടെങ്കിൽ, ഈ കാറ്റഗറികൾക്ക് കീഴിലുള്ള ആകെ റിവാർഡുകൾ 25,000 പോയിന്റിൽ കവിയരുത് എന്ന വ്യവസ്ഥയിൽ മാത്രമേ ഇൻക്രിമെന്റൽ റിവാർഡുകൾ വാഗ്ദാനം ചെയ്യൂ.

ഐ) ബാധകമായ നിയമവും നിബന്ധനകളും വ്യവസ്ഥകളും ബാങ്കിന്റെ നയങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, നിങ്ങളുടെ ക്രെഡിറ്റ് കാർഡ് ഉപയോഗം ഇടയ്ക്കിടെ പരിശോധിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. ഒരു സ്റ്റേറ്റ്മെന്റ് സൈക്കിനുള്ളിലെ അംഗീകൃത ക്രെഡിറ്റ് പരിധിക്കപ്പുറമുള്ള അമിതമായ ഉപയോഗം, തിരഞ്ഞെടുത്ത വ്യാപാരികളിലെ അസാധാരണമായ ചെലവഴിക്കലുകൾ, മറ്റ് ക്രെഡിറ്റ് കാർഡുകളിലേക്കോ വായ്പകളിലേക്കോ ഉള്ള പേയ്മെന്റുകൾ, സേവിംഗ്സ് അക്കൗണ്ടുകളിലേക്കുള്ള കൈമാറ്റം, വ്യാപാരികളുമായുള്ള സാധ്യതയുള്ള ഒത്തുകളി, അല്ലെങ്കിൽ വ്യക്തിപരമല്ലാത്ത/ബിസിനസ് ഉദ്ദേശ്യങ്ങൾക്കുള്ള ഉപയോഗം തുടങ്ങിയവ ഈ പരിശോധനകൾ തിരിച്ചറിയിച്ചേക്കാം. കൂടാതെ, അനാവശ്യമായി റിവാർഡുകൾ അല്ലെങ്കിൽ ക്യാഷ് ബാക്ക് ശേഖരിക്കാനായി ഫീച്ചറുകളോ ഓഫറുകളോ പ്രോഗ്രാമുകളോ ദുരുപയോഗം ചെയ്യുന്നതും അന്വേഷണ വിധേയമായേക്കാം.

അത്തരം സാഹചര്യങ്ങളിൽ, ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ, ബാധിക്കപ്പെട്ട ക്രെഡിറ്റ് കാർഡും മറ്റ് ഏതെങ്കിലും അഡീഷ്ണൽ കാർഡുകളും റദ്ദാക്കുകയും കാർഡ് അംഗത്തിന് മുൻകൂർ അറിയിപ്പ് നൽകാതെ തന്നെ നേടിയ ഏതെങ്കിലും ക്യാഷ്ബാക്കോ റിവാർഡുകളോ തടഞ്ഞുവയ്ക്കുകയും അല്ലെങ്കിൽ റദ്ദാക്കുകയും ചെയ്തേക്കാം.

വ്യാപാരികളുടെ കാറ്റഗറികളെ അവരുടെ ഇടപാട് സ്വഭാവത്തിന്റെയും ആ വ്യാപാരികളുമായി ബന്ധപ്പെട്ട പ്രത്യേക ഉപയോഗ സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ പുനഃർവർഗ്ഗീകരിക്കാനുള്ള അവകാശം ബാങ്കിനുണ്ട്. ഈ പുനഃർവർഗ്ഗീകരണം ആ കാറ്റഗറികൾക്ക് ഉള്ളിലെ ഇടപാടുകളുമായി ബന്ധപ്പെട്ട ബാധകമായ ഏതെങ്കിലും ഫീസുകളെ അല്ലെങ്കിൽ സഞ്ചിത പരിധി ലെവലുകളെ കൂടി ബാധിച്ചേക്കാം.

ജെ) മേൽപ്രസ്താവിച്ചതു പോലെ റദ്ദാക്കലിന്റെയോ വ്യാപാരി ഇഎംഐ പരിവർത്തനത്തിന്റെയോ പിൻവലിക്കലിന്റെയോ ഭാഗമായി ഉപയോഗിച്ച റിവാർഡ് പോയിന്റുകൾ വീണ്ടെടുക്കുന്ന പക്ഷം, ഉപയോഗിച്ച റിവാർഡ് പോയിന്റുകൾക്ക് തുല്യമായ ഒരു രൂപ മൂല്യം ഉപഭോക്താവിന്റെ അടുത്ത സ്റ്റേറ്റ്മെന്റിൽ ബാങ്ക് തീരുമാനിക്കുന്ന പ്രകാരം ചേർക്കും, കാർഡ് അംഗം അത് അടയ്ക്കേണ്ടിവരും.

കെ) കാർഡ് ക്ലോസ് ചെയ്യാനുള്ള അഭ്യർത്ഥനകൾ നെഗറ്റീവ് റിവാർഡ് പോയിന്റുകൾക്ക് തുല്യമായ തുക ഉപഭോക്താവ് അടയ്ക്കുന്നതിന് വിധേയമായിരിക്കും.

എൽ) നിങ്ങളുടെ കുടിശ്ശിക ബില്ലിനു പകരം നിങ്ങളുടെ റിവാർഡ് പോയിന്റുകൾ റിഡീം ചെയ്യാൻ ബാങ്കിന്, വൺകൺസ്യൂമർക്ക്, കൂടാതെ/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കൾക്ക് അവകാശമുണ്ട്. എല്ലാ കുടിശ്ശികയുള്ളതും എൻപിഎ ആയതുമായ ഉപഭോക്താക്കൾക്കും ഇത് സാധുതയുള്ളതാണ്.

ഐ) വ്യാപാരി ഇഎംഐകൾക്ക് ഒരു തരത്തിലുള്ള റിവാർഡ് പോയിന്റുകളും ലഭിക്കില്ല.

21. **സെക്യുേർഡ് ക്രെഡിറ്റ് കാർഡ്** 🛡
21.1. കാർഡ് ഉടമ (അല്ലെങ്കിൽ "നിങ്ങൾ") ബാങ്കിൽ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു സ്ഥിര നിക്ഷേപത്തിന്മേൽ ബാങ്ക് നൽകുന്ന ഒരു ക്രെഡിറ്റ് കാർഡാണ് സെക്യുേർഡ് ക്രെഡിറ്റ് കാർഡ് ("സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്"). ഈ കാർഡ് ഒരു പ്ലാസ്റ്റിക് കാർഡായിരിക്കും, വകുപ്പ് 21.15-ൽ പ്രസ്താവിച്ചിരിക്കുന്നതു പോലെ ലോഹത്തിലേക്ക് അപ്ഗ്രേഡ് ചെയ്യാനുമാകും.

21.2. ഈ നിബന്ധനകൾ ബാങ്ക് നൽകുന്ന സെക്യ്യേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് ബാധകവും അതിനെ നിയന്ത്രിക്കുന്നതും ബാങ്കിന്റെ ക്രെഡിറ്റ് കാർഡ് സൗകര്യങ്ങളെ നിയന്ത്രിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റിൽ ലഭ്യമായ ബാങ്കിന്റെ ഫിക്സഡ് ഡിപ്പോസിറ്റിനെ നിയന്ത്രിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ("പ്രാഥമിക നിബന്ധനകളും വ്യവസ്ഥകളും") പുറമേയുള്ളതും അവയുടെ നിബന്ധനകൾക്ക് ഇളവുവരുത്താത്തതും ആണ്. ഈ നിബന്ധനകളും പ്രാഥമിക നിബന്ധനകളും വ്യവസ്ഥകളും തമ്മിൽ എന്തെങ്കിലും പൊരുത്തക്കേട് ഉണ്ടെങ്കിൽ, ഈ നിബന്ധനകൾ നിലനിൽക്കും.

21.3. സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ലഭിക്കാനുള്ള യോഗ്യത നേടാൻ, നിങ്ങൾ കുറഞ്ഞത് അയ്യായിരം രൂപയുടെ (₹5,000/-) അല്ലെങ്കിൽ വൺകാർഡ് മൊബൈൽ ആപ്ലിക്കേഷൻ ("വൺകാർഡ് ആപ്പ്") വഴി ബാങ്ക് തീരുമാനിക്കുന്ന പ്രകാരമുള്ള ഒരു സ്ഥിര നിക്ഷേപം സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതുണ്ട്. ഒരു വ്യക്തി സെക്യ്യേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുന്നുവെങ്കിൽ മാത്രമേ വൺകാർഡ് ആപ്പ് ഉപയോഗിച്ച് ബാങ്കിൽ സ്ഥിര നിക്ഷേപം നടത്താൻ കഴിയൂ എന്ന കാര്യം ശ്രദ്ധിക്കുക. ഒരു അപേക്ഷകന് ഒരു നിശ്ചിത സമയത്ത് ഒരു ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് മാത്രമേ ഇഷ്യൂ ചെയ്യൂ.

21.4. സ്ഥിര നിക്ഷേപ തുകയുടെ നൂറ് ശതമാനം (100%) വരെ ആയിരിക്കും സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിലെ ക്രെഡിറ്റ് പരിധി, ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് പരിധി അയ്യായിരം രൂപ (₹ 5,000/-) അല്ലെങ്കിൽ ബാങ്ക് തീരുമാനിക്കുന്ന പ്രകാരം ആയിരിക്കും, പരമാവധി ക്രെഡിറ്റ് പരിധി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ (₹ 2,50,000) ആയിരിക്കും. പ്രസ്തുത ക്രെഡിറ്റ് പരിധി ബാങ്കിന്റെ സ്വന്തം വിവേചനാധികാര പ്രകാരം കാലാകാലങ്ങളിൽ മാറ്റത്തിനു വിധേയമായേക്കാം, കൂടാതെ ബാങ്ക് ഉചിതമെന്ന് കരുതുന്ന രീതിയിലും വിധത്തിലും അതിനെ കുറിച്ച് നിങ്ങളെ അറിയിക്കുന്നതുമായിരിക്കും.

21.5. ബാങ്ക് കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന പ്രസക്തമായ രേഖകൾ സമർപ്പിച്ചിട്ട് പ്രതിപാദിച്ചിട്ടുള്ള രീതിയി നിങ്ങൾ സ്ഥിര നിക്ഷേപം സൃഷ്ടിക്കേണ്ടതാണ്. ബാങ്കിൽ ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന സ്ഥിര നിക്ഷേപങ്ങൾ പന്ത്രണ്ട് (12) മാസത്തേക്കായിരിക്കും, അവ സ്വയമേവയുള്ള പുതുക്കൽ (ഓട്ടോ റിന്യൂവൽ) മോഡിലുമായിരിക്കും. സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുകയും അതിൽ അടങ്ങിയിരിക്കുന്ന നിബന്ധനകൾ അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ, ഓരോ പന്ത്രണ്ട് (12) മാസ കാലയളവിന്റെയും അവസാനം സ്ഥിര നിക്ഷേപം സ്വയമേവ പുതുക്കാൻ നിങ്ങൾ ഇതിനാൽ സമ്മതം നൽകുന്നു.

21.6. സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇഷ്യൂ ചെയ്ത് കഴിഞ്ഞാൽ, ബാങ്കിന്റെ പൊതുവായ കൈവശാവകാശ (ലീൻ), വകയിരുത്തൽ (സെറ്റ്-ഓഫ്) അവകാശത്തിന് പുറമേ, കുടിശ്ശിക അടച്ച ശേഷം സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യുന്നതു വരെ, നിങ്ങൾക്ക് ലഭിച്ച പലിശ ഉൾപ്പെടെ നിങ്ങൾ നിക്ഷേപിച്ച സ്ഥിര നിക്ഷേപത്തിന്റെ മുഴുവൻ തുകയുടെയും മേൽ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗത്തിന്റെ മേൽ ബാങ്ക് ഒരു കൈവശാവകാശം മാർക്ക് ചെയ്യും. നിങ്ങൾക്ക് ബാങ്കിൽ നിലവിൽ സ്ഥിര നിക്ഷേപം ഉണ്ടെങ്കിൽ, അതിനെ നിങ്ങളുടെ സെക്യ്യേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ ഉപയോഗിക്കുന്ന സ്ഥിര നിക്ഷേപവുമായി ബന്ധിപ്പിക്കില്ല. സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യും, നിങ്ങൾ സൃഷ്ടിച്ച സ്ഥിര നിക്ഷേപത്തിൽ

കൈവശാവകാശം മാർക്ക് ചെയ്ത ശേഷം മാത്രമേ നിങ്ങൾക്ക് അത് ഉപയോഗിക്കാൻ ലഭ്യമാകൂ.

21.7. സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന്റെ കാര്യത്തിൽ, കാർഡ് അക്കൗണ്ടിലെ മുഴുവൻ കുടിശ്ശികയും കുടിശ്ശികയുള്ള ഏതെങ്കിലും കാർഡ് ഇടപാടുകളുടെ തുകയും താഴെ പതിപാദിച്ചിരിക്കുന്ന പലിശയും മറ്റെല്ലാ ചെലവുകളും ചാർജുകളും നിങ്ങൾ സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുമ്പോൾ പ്രയോഗത്തിൽ വന്നതെങ്കിലും കാർഡ് അക്കൗണ്ടിൽ ഇതുവരെ ചാർജ് ചെയ്തിട്ടില്ലാത്തതുമായ തുകയും മുകളിൽ വ്യക്തമാക്കിയ രീതിയിൽ വൺകാർഡ് ആപ്പ് വഴി നിങ്ങൾ സൃഷ്ടിച്ച സ്ഥിര നിക്ഷേപത്തിന്മേലുള്ള കൈവശാവകാശത്താൽ ഉറപ്പാക്കപ്പെടുന്നു. ബാങ്ക് അംഗീകരിച്ചതും നിങ്ങളുടെ പേരിൽ മാത്രം നിലനിൽക്കുന്നതുമായ അത്തരം സെക്യൂരിറ്റികൾ/സ്ഥിര നിക്ഷേപങ്ങൾ/ടേം നിക്ഷേപങ്ങൾ/മറ്റ് ആസ്തികൾ എന്നിവയുടെ ഈട്/ഹൈപ്പോത്തിക്കേഷൻ/കൈവശാവകാശം ബാങ്ക് നിർദ്ദേശിക്കുന്ന രൂപത്തിലും രീതിയിലും നിങ്ങൾ സൃഷ്ടിക്കേണ്ടതാണ്. സെക്യൂരിറ്റി സൃഷ്ടിക്കാനായി ബാങ്കിന് തൃപ്തികരമായ രൂപത്തിലും രീതിയിലും അത്തരം എല്ലാ രേഖകളും നിങ്ങൾ നടപ്പാക്കണം. സെക്യൂരിറ്റി സൃഷ്ടിക്കാനാനും സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെ എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്ത മറ്റ് എല്ലാ ഔപചാരികതകളും പൂർത്തിയാക്കാനുമുള്ള ചെലവുകൾ നിങ്ങൾ വഹിക്കണം.

21.8. സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിർത്തലാക്കാൻ പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടില്ലെങ്കിൽ, സ്ഥിര നിക്ഷേപത്തിന്റെ സ്വയമേവയുള്ള പുതുക്കലിന്റെ സമയത്ത് ബാധകമായ നിലവിലുള്ള പലിശ നിരക്ക് ലിങ്ക് ചെയ്തിരിക്കുന്ന സ്ഥിര നിക്ഷേപ തുകയ്ക്ക് ബാധകമായിരിക്കും, സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നിർത്തലാക്കിയാൽ അതുമായി ലിങ്ക് ചെയ്തിട്ടുള്ള സ്ഥിര നിക്ഷേപവും റദ്ദാക്കപ്പെടും.

21.9. ഏതെങ്കിലും ഒരു പന്ത്രണ്ട് (12) മാസ കാലയളവ് പൂർത്തിയാകുന്നതിന് മുമ്പ് സ്ഥിര നിക്ഷേപം ലിക്വിഡേറ്റ് ചെയ്താൽ, സ്ഥിര നിക്ഷേപം സൃഷ്ടിച്ച തീയതി മുതൽ സ്ഥിര നിക്ഷേപം ലിക്വിഡേറ്റ് ചെയ്യുന്ന തീയതി വരെയുള്ള സ്ഥിര നിക്ഷേപത്തിന്മേൽ ലഭിക്കുന്ന പലിശയുടെ ഒരു (1) ശതമാനം കാലാവധി-അധിഷ്ഠിത പിഴയായി ഈടാക്കും.

21.10. സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇഷ്യൂ ചെയ്തുകഴിഞ്ഞാൽ, സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള സ്ഥിര നിക്ഷേപത്തിൽ നിന്ന് ഭാഗികമായി പണം പിൻവലിക്കാൻ നിങ്ങൾക്ക് അവകാശമുണ്ടായിരിക്കില്ല. സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ലഭിക്കാനായി തുറന്ന സ്ഥിര നിക്ഷേപത്തിന്റെ കാലാവധി, സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവസാനിപ്പിക്കുകയും കുടിശ്ശികയുള്ള എല്ലാ പണവും അടച്ച് അത് റദ്ദാക്കുകയും ചെയ്യാത്ത പക്ഷം, സ്വയമേവയുള്ള പുതുക്കൽ മോഡിൽ തുടരും. സ്ഥിര നിക്ഷേപം വിജയകരമായി സൃഷ്ടിക്കുന്നതിനു വിധേയമായിട്ടാണ് സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് നൽകുന്നത്.

21.11. ഒറ്റ വ്യക്തിയുടെ പേരിലുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് അർഹതയുണ്ടായിരിക്കും, പ്രസ്തുത സ്ഥിര നിക്ഷേപം വൺകാർഡ് ആപ്പ് വഴി തുറക്കണം. വൺകാർഡ് ആപ്പിൽ തന്നെ സ്ഥിര നിക്ഷേപ സൗകര്യത്തിനുള്ള നോമിനേഷൻ സൗകര്യങ്ങളും ലഭ്യമായിരിക്കും.

21.12. സെക്യുേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള സ്ഥിര നിക്ഷേപം അവസാനിപ്പിക്കാനോ പിൻവലിക്കാനോ

റദ്ദാക്കാനോ ഉള്ള അഭ്യർത്ഥന ലഭിക്കുകയോ, കാർഡ് സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരിക്കുന്ന അവസാന തീയതി മുതൽ 31 (മുപ്പത്തിയൊന്ന്) ദിവസത്തിനുള്ളിൽ സെക്യൂേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിലെ കുടിശ്ശിക തുക അടയ്ക്കുന്നതിൽ നിങ്ങൾ പരാജയപ്പെടുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളുടെ മരണശേഷം സെക്യൂേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ്/സ്ഥിര നിക്ഷേപം അവസാനിപ്പിക്കുന്ന പക്ഷം, പലിശ ഉൾപ്പെടെയുള്ള മുഴുവൻ സ്ഥിര നിക്ഷേപ തുകയും ഉടനടി ലിക്വിഡേറ്റ് ചെയ്യാനും സെക്യൂേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പ്രകാരം ബാങ്കിന് നൽകേണ്ട കുടിശ്ശിക തുകയിൽ ആ തുക വകയിരുത്താനും ബാങ്കിന് അവകാശമുണ്ടായിരിക്കും. മേൽപ്രസ്താവിച്ച കിഴിവിന് ശേഷം ശേഷിക്കുന്ന ഏതു ബാലൻസും നിങ്ങൾക്ക് തിരികെ നൽകുന്നതാണ്, എന്നാൽ സെക്യൂേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് കീഴിൽ കൂടുതൽ കുടിശ്ശിക ഉണ്ടെങ്കിൽ, അത് ഉടനടി അടയ്ക്കേണ്ടതാണ്.

നിങ്ങളുടെ ദൗർഭാഗ്യകരമായ മരണം സംഭവിച്ചാൽ, സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് റദ്ദാക്കപ്പെടും. കൂടാതെ, കുടിശ്ശിക അടയ്ക്കാത്ത സാഹചര്യത്തിൽ, നിങ്ങളുടെ കൈവശമുള്ള സെക്യൂേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനെ ബാങ്ക് വീഴ്ചവരുത്തിയ കാർഡായി, ആർബിഐ അധികാരപ്പെടുത്തിയ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് (സിഐസികൾ) റിപ്പോർട്ട് ചെയ്യും, അത്തരം റിപ്പോർട്ടിംഗ് നിങ്ങളുടെ ക്രെഡിറ്റ് സ്കോറിനെ പ്രതികൂലമായി ബാധിച്ചേക്കാം.

21.13. സ്ഥിര നിക്ഷേപങ്ങളെ നിയന്ത്രിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച്, ഒറ്റത്തവണ പാസ്‌വേഡ് (ഒടിപി) അടിസ്ഥാനമാക്കിയുള്ള ഇ-കെവൈസി (ഇലക്ട്രോണിക്-നോ യുവർ കസ്റ്റമർ) വെരിഫിക്കേഷൻ വഴി സ്ഥിര നിക്ഷേപം ആരംഭിച്ച കാർഡ് ഉടമകൾക്ക്, സ്ഥിര നിക്ഷേപം ആരംഭിച്ച് 1 (ഒരു) വർഷത്തിനുള്ളിൽ അംഗീകൃത കെവൈസി വെരിഫിക്കേഷനോ ഉപഭോക്തൃ ഡ്യൂ-ഡിലജൻസോ പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ, അത് ഏതു കാരണത്താലായാലും, ബന്ധപ്പെട്ട സ്ഥിര നിക്ഷേപ അക്കൗണ്ട് ക്ലോസ് ചെയ്യും. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, സ്ഥിര നിക്ഷേപത്തിന്മേൽ നിങ്ങൾ എടുത്ത സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡും ക്ലോസ് ചെയ്യുമെന്നും അത്തരം സ്ഥിര നിക്ഷേപത്തിന്മേൽ മാർക്ക് ചെയ്തിരിക്കുന്ന കൈവശാവകാശം നീക്കം ചെയ്യുമെന്നും ഉള്ള കാര്യവും ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ ഇവിടെയോ മറ്റേതെങ്കിലും രേഖയിലോ പറഞ്ഞിരിക്കുന്നത് എന്തുതന്നെ ആയിരുന്നാലും അത്തരം സാഹചര്യത്തിൽ, പലിശ ഉൾപ്പെടെ മുഴുവൻ സ്ഥിര നിക്ഷേപ തുകയും ലിക്വിഡേറ്റ് ചെയ്യാനും സെക്യുവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട് ബാങ്കിന് നൽകേണ്ട കുടിശ്ശിക തുകയിൽ ആ തുക വകയിരുത്താനും ബാങ്കിന് അവകാശമുണ്ടായിരിക്കും. മേൽപ്പറഞ്ഞ ഉചിതമായ ക്രമീകരണത്തിന് ശേഷം അവശേഷിക്കുന്ന ഏതൊരു ബാലൻസും നിങ്ങൾക്ക് തിരികെ നൽകുന്നതാണ്.

21.14 ബാങ്കിന്റെ വിവേചനാധികാരത്തിൽ, വൺകാർഡ് ആപ്പിനുള്ളിൽ സ്ഥിര നിക്ഷേപം ടോപ്പ്-അപ്പ് ചെയ്യാനുള്ള ഓപ്ഷൻ കാർഡ് ഉടമകൾക്കുണ്ട്. വൺകാർഡ് ആപ്പിനുള്ളിൽ കാർഡ് ഉടമകൾക്ക് സ്ഥിര നിക്ഷേപം 9 തവണ ടോപ്പ്-അപ്പ് ചെയ്യാനാകും.

21.15 ₹ 50,000 ന് മുകളിലുള്ളതോ അല്ലെങ്കിൽ കാലാകാലങ്ങളിൽ തീരുമാനിക്കുന്നതോ ആയ സഞ്ചിത സ്ഥിര നിക്ഷേപ തുകയുള്ള കാർഡ് ഉടമകൾക്ക് ഒരു മെറ്റൽ കാർഡിലേക്ക് അപ്ഗ്രേഡ് ചെയ്യാൻ അർഹത ഉണ്ടായിരിക്കും.

21.16 ഒരു മെറ്റൽ കാർഡിലേക്ക് അപ്ഗ്രേഡ് ചെയ്യുമ്പോഴും തുടർന്ന് ഡിസ്പാച്ച് ചെയ്യുമ്പോഴും, നിങ്ങളുടെ സെക്യ്യേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ബ്ലോക്ക് ചെയ്യും, എന്നാൽ നിങ്ങളുടെ ഉപയോഗത്തിനായി ആപ്പിനുള്ളിൽ ഒരു പുതിയ വെർച്വൽ കാർഡ് ലഭ്യമാകും.

21.17 സെക്യൂവേർഡ് ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിനെ ബാങ്ക് അൺസെക്യുവേർഡ് ക്രെഡിറ്റ് കാർഡായി സിഐസികൾക്ക് റിപ്പോർട്ട് ചെയ്യും.

22 . **നിബന്ധനകളും വ്യവസ്ഥകളും** 🛠

22.1. ഈ നിബന്ധനകളുടെ സോഫ്റ്റ് കോപ്പി, എംഐടിസി, പ്രസക്തമായ ക്രെഡിറ്റ് കാർഡ് മാർഗ്ഗനിർദ്ദേശങ്ങൾ, പതിവുചോദ്യങ്ങൾ എന്നിവയെല്ലാം ബാങ്കിന്റെ വെബ്സൈറ്റിലും www.getonecard.app -ലും ലഭ്യമാണ്. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിൽ വാഗ്ദാനം ചെയ്യുന്ന ഏതു നിബന്ധനകളും സവിശേഷതകളും ആനുകൂല്യങ്ങളും ഭേദഗതി ചെയ്യാനോ അനുബന്ധമായി നൽകാനോ ബാങ്കിന് പൂർണ്ണമായ വിവേചനാധികാരം ഉണ്ടായിരിക്കും, അതിൽ നിലവിലുള്ള ബാലൻസുകൾ, പലിശ നിരക്കുകൾ അല്ലെങ്കിൽ നിരക്കുകൾ, കണക്കുകൂട്ടൽ നടത്തുന്ന രീതികൾ എന്നിവയെ ബാധിക്കുന്ന മാറ്റങ്ങൾ എന്നിവ ഉൾപ്പെടുന്നു, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുന്നില്ല.

22.2. ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡിന് കീഴിലുള്ള എല്ലാ തുകയും പൂർണ്ണമായും തിരിച്ചടയ്ക്കുന്നത് വരെ, ഈ പുതുക്കിയ നിബന്ധനകൾ അനുസരിച്ചുള്ള എല്ലാ ചാർജുകൾക്കും മറ്റെല്ലാ ബാധ്യതകൾക്കും നിങ്ങൾ ബാധ്യസ്ഥനായിരിക്കും. ഭേദഗതി ചെയ്ത നിബന്ധനകൾ ബാങ്കിന്റെ വെബ്സൈറ്റിലും www.getonecard.app -ലും ഹോസ്റ്റ് ചെയ്തുകൊണ്ടോ ബാങ്ക് തീരുമാനിക്കുന്ന മറ്റേതെങ്കിലും മാർഗ്ഗത്തിലോ ബാങ്കിന് അറിയിക്കാവുന്നതാണ്.

22.3. വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്ന ഈ നിബന്ധനകൾ അവയുടെ ഭേദഗതികൾ സഹിതം പതിവായി അവലോകനം ചെയ്യാനുള്ള ഉത്തരവാദിത്തം നിങ്ങൾക്കുണ്ട്, ഫെഡറൽ ബാങ്ക് വൺ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നത് തുടരുന്നതിലൂടെ ഭേദഗതി ചെയ്ത നിബന്ധനകൾ നിങ്ങൾ അംഗീകരിച്ചതായി കണക്കാക്കുകയും ചെയ്യും.

22.4. നിബന്ധനകളിലെ ഏതൊരു മാറ്റവും, അവ നടപ്പിലാക്കുന്ന തീയതിക്ക് ഒരു മാസം മുമ്പ്, മേൽപ്പറഞ്ഞ രീതിയിൽ നിങ്ങളെ അറിയിക്കുന്നതാണ്.